

# ബെഥേൽപത്രിക

വാല്യം ൪ ഓഗസ്റ്റ് 1995 ലക്കം 8

'എന്നെ അയച്ചവ
ന്റെ പ്രവൃത്തി
കൾ പകൽ ഉള്ളടത്തോ
ളം നാം ചെയ്യേണ്ട
താകുന്നു. ആർക്കും
പ്രവർത്തിച്ചുകൂടാ
ത്ത രാത്രി വരുന്നു'
St. John 9:4





വി. ദൈവമാതാവ്

ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന്
പ്രസിദ്ധ
പ്പെടുത്തുന്നത്

# ഖദേൽ പത്രിക

★

ഓഗസ്റ്റ് 1995



**രക്ഷാധികാരി**

**നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി. ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ്, (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. എബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**

എം. എം. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

കുടുംബ ജീവിതം (തുടർച്ച)
ഫാ സി. ജെ. ജോർജ്

ഇസബേൽ (തുടർച്ച)
പി. എം. ചാക്കോ

ധ്യാനപംക്തി
ഫാ. തോമസ് തേക്കിൽ

സാമൂഹിക പ്രതിബദ്ധത (തുടർച്ച)
ജോഷ്വാ എബ്രഹാം

സുപ്രധാന സുപ്രീം കോടതി വിധി പഠനങ്ങൾ
ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ഭദ്രാസനവാർത്തകൾ

ബാലപത്രിക
ആനി ജേക്കബ്

കുട്ടികവിത
സ്വർഗ്ഗത്തിലെ അപ്പച്ചൻ
ചാണ്ടപ്പിള്ള പി. സാം


## ഇടയലേഖനം

വാത്സല്യ മക്കളെ,

ഭാരതം സ്വാതന്ത്ര്യം സമ്പാദിച്ചിട്ട് നാല്പത്തിയെട്ടു വർഷം പൂർത്തിയാവുകയാണ്. എ ഡി. ആയിരാമാണ്ടു മുതൽ തുടങ്ങിയ വിദേശ മേധാവിത്വം 947 വർഷം നമ്മൾ സഹിച്ചു. വിദേശ രാജ്യങ്ങളിൽ നിന്നും വന്നവരാരും തന്നെ ഇവിടെ വന്നത് ഇവിടുത്തെ ഭരണം കൈയ്യേൽക്കുവാനായിരുന്നില്ല. ഇവിടുത്തെ രാജാക്കന്മാർ തമ്മിലുള്ള തീരാപ്പോരാട്ടവും ജനങ്ങൾ തമ്മിലുള്ള അനൈക്യവും വിദേശികളുടെ ഭരണസ്ഥാപനത്തിന് മുഖാന്തിരങ്ങളായി. നമ്മുടെ തന്നെ തെററുകളും കുററങ്ങളും കൊണ്ട് സ്ഥാപിതമായ വിദേശ മേധാവിത്വം തുടച്ചുമാററി സ്വാതന്ത്ര്യം സമ്പാദിക്കുന്നതിന് ഏതാണ്ട് 1000 വർഷത്തെ സന്ധിയില്ലാ സമരം വേണ്ടിവന്നു. ഈ ആയിരം വർഷത്തിനിടയിൽ എത്രയൊ മനുഷ്യർ രക്തസാക്ഷികളായി. എത്രയൊ പേർ ജീവിക്കുന്ന രക്തസാക്ഷികളായി തീർന്നു. മഹത്തുക്കളുടെ ത്യാഗസമ്പൂർണ്ണമായ ജീവിതം നമുക്കേവർക്കും പ്രചോദനമേകണം. അവർ ചുടു രക്തം ചൊരിഞ്ഞത് നാടിനു വേണ്ടിയായിരുന്നു. അവർ അനുഷ്ടിച്ച മഹത്തായ ത്യാഗത്തിന്റെ വളരെ ചെറിയൊരംശം പോലും നമ്മുടെ മാതൃഭൂമിക്കായി അനുഷ്ടിക്കുവാൻ നമുക്ക് കഴിയുന്നില്ല. നാമൊക്കെ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ പൂർവ്വപിതാക്കൾ അനുഷ്ടിച്ച ത്യാഗത്തെക്കുറിച്ച് അനുസ്മരിക്കുന്നില്ലെന്നതുപോകട്ടെ നമ്മുടെ രാജ്യത്തെ അനുദിനം വിദേശ കടക്കെണിയിലേക്ക് തള്ളിവിടുകയുമാണ്. സ്വാതന്ത്ര്യസമ്പാദനത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളിലേക്ക് കടക്കുവാൻ പോകുന്ന നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിയിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഇവിടുത്തെ സിംഹഭാഗം വരുന്ന ദരിദ്രരുടെ സ്ഥിതിയിലേക്ക് നോക്കുമ്പോൾ നമുക്ക് വലുതായൊന്നും അഭിമാനിക്കുവാനില്ല.

നമ്മുടെ രാജ്യത്തെ പരമോന്നത നീതി ന്യായക്കോടതി ജൂൺ 20 ന് പ്രഖ്യാപിച്ച സുപ്രധാന വിധി മലങ്കര സഭയുടെ മാഗ്നാക്കാർട്ടായാണ്. മലങ്കര സഭയുടെ സ്വന്തമായ വ്യക്തിത്വത്തിനും ഭരണ സ്വാതന്ത്ര്യത്തിനും സർവ്വോപരി സ്വതന്ത്രമായ നിലനിൽപ്പിനുമുള്ള വിധിയാണിത്. സഭയുടെ സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായ നിലനിൽപ്പിനും നിരവധി തെളിവുകളുണ്ട്.

1 1912 ൽ നിരണം പള്ളിയിൽ നടത്തപ്പെട്ട കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രാധാന കാർമ്മികത്വം വഹിച്ച അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവായുടെ സ്താത്തിക്കോൻ.

2 കാലം ചെയ്ത യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ സുറിയാനി സഭാചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. 'മലങ്കരയിലുള്ള ബാല സഭയെ ഭരിപ്പാനായി പകലോമററം, ശങ്കരാപുരി, കള്ളി, കാളിയാങ്കൽ എന്നീ ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നും വൈദികരെ (മാർത്തോമ്മാ ശ്ലീഹാ) വാഴിച്ചു. ഇദ്ദേഹം 1970 ലെ 203-ാം നമ്പർ കല്പനയിൽ മാർത്തോമ്മാ ശ്ലീഹാ പട്ടക്കാരൻ പോലുമല്ലായിരുന്നു എന്ന് അഭിപ്രായപ്പെടുവാൻ ധൈര്യം കാട്ടി. വൈദികരെ വാഴിച്ച സ്ഥിതിക്ക് മേല്പട്ടക്കാരനായിരുന്നെന്നും മേല്പട്ടക്കാരനായിരുന്ന സ്ഥിതിക്ക് സിംഹാസനം ഉണ്ടായിരുന്നെന്നും വ്യക്തമാണല്ലോ. വി. മത്തായി 19:28 നോക്കുക.

3 കാലം ചെയ്ത ഡോ. പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ Orthodox Church Its Religion and Philosophy'' എന്ന പേരിൽ കേരള സർവ്വകലാശാലയ്ക്ക് സമർപ്പിച്ച ഡോക്ടറേററ് പ്രബന്ധത്തിന്റെ മുഖവുരയിലെ ഒരു വാചകം ശ്രദ്ധിക്കുക. 'Malankara Orthodox Church is by no means an offshoot or a branch of the Syrian Church of Antioch''

4 1958 ലെ സുപ്രീം കോടതി വിധിയ്ക്ക് തലേ ദിവസം വരെ വൃദ്ധൻ പുന്നൂസ്'' എന്നു പരിഹസിച്ചിരുന്ന ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ പിന്നീട് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി സ്വീകരിക്കാൻ യാതൊരു മടിയും പാത്രിയർക്കാ വിഭാഗത്തിൽപ്പെട്ട ആർക്കും ഉണ്ടായിരുന്നില്ല.

5 1934 ലെ ഭരണഘടനയ്ക്ക് വിധേയമായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ സ്വീകരിച്ചുകൊണ്ടുള്ള ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കല്പനയുടെ മുകളിലും ''മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായ' എന്ന തല വാചകം ഉണ്ടായിരുന്നു.

6 മലങ്കര സഭയുടെ ക്ഷണപ്രകാരം മലങ്കരയിൽ വന്ന് 1964 മെയ് 22 ന് കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രധാനകാർമ്മികത്വം യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വഹിച്ചു. ക്ഷണിക്കപ്പെട്ടു വരുന്ന അതിഥി ഒരിക്കലും ആതിഥേയനാവുകയില്ലല്ലൊ വീട്ടുകാരനാവുകയില്ലല്ലൊ.

7 1958 മുതൽ ഇപ്പോഴത്തെ പ്രശ്നം രൂക്ഷമാകുന്നതു വരെ ഇപ്പോഴത്തെ ശ്രേഷ്ട കാതോലിക്കായും ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായും 1934 ലെ ഭരണഘടനയെ അംഗീകരിച്ച് സഭാംഗങ്ങളായി പ്രവർത്തിച്ചു വന്നിരുന്നു.



പാത്രിയർക്കാ വിഭാഗത്തിന്റെ വാദഗതികളൊന്നും നിലനിൽക്കുന്നവയല്ല. സ്വന്തം അണികളെ പിടിച്ചു നിർത്തുന്നതിനായി ഇപ്പോഴത്തെ സുപ്രീം കോടതി വിധിപോലും അവർ വളച്ചൊടിക്കുകയാണ്.

1995 ലെ സുപ്രീം കോടതി വിധി യഥാർത്ഥത്തിൽ 1958ലെ സുപ്രീം കോടതി വിധിയെ അരക്കിട്ടുറപ്പിക്കുന്നതാണ്. സ്വന്തമായ വ്യക്തിത്വം പുലർത്തി ഭരണ സ്വാതന്ത്ര്യം നിലനിർത്തി ഭാരത സംസ്കാരത്തിനനുസരണമായി മുന്നേറുന്നതിനുള്ള സുവർണ്ണാവസരമാണ് ഇപ്പോഴത്തെ സുപ്രീം കോടതി വിധിയിലൂടെ മലങ്കര സഭയ്ക്ക് കൈവന്നിരിക്കുന്നത്. സഭയിൽ അവശ്യം ആവശ്യമായി നടപ്പിലാക്കേണ്ട പല സംഗതികളും ഇതേവരെ നടപ്പിലാക്കാതിരുന്നത് സഭാക്കേസ് നിലവിലിരുന്നതു മൂലമായിരുന്നു.

സഭാക്കേസിൽ ജയിച്ചവരാര് തോററവരാര് എന്നതൊരു പ്രശ്നമേയല്ല. മലങ്കര സഭയ്ക്ക് വൈദേശിക മേധാവിത്വം ആവശ്യമില്ല സ്വതന്ത്ര ഭാരതത്തിന്റെ മേൽ കോമൺ വെൽത്ത് ഓഫ് നേഷൻസിന്റെ തലവനായ ബ്രിട്ടീഷ് രാജാവിനൊ രാജ്ഞിക്കൊ ഉള്ള അധികാരം മാത്രമെ ഭരണഘടനപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിന് അവകാശപ്പെടാൻ കഴിയൂ. മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്താ കൂടിയായ പൗരസ്ത്യ കാതോലിക്കായാകുന്നു. 1934 ലെ ഭരണഘടന മലങ്കര സഭാംഗങ്ങളെല്ലാം അനുസരിച്ചെ പററൂ. ഈ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടയ്ക്കുവാൻ ആർക്കും സാധ്യമല്ല.

വിജയത്തിൽ നാം അഹങ്കരിക്കുകയൊ അമിതാഹ്ലാദം പ്രകടിപ്പിക്കുകയൊ ചെയ്യാതെ ദൈവത്തെ മഹത്വപ്പെടുത്തണം. ഇന്ത്യ സ്വാതന്ത്ര്യം നേടുവാൻ 1000 വർഷം വേണ്ടി വന്നു എങ്കിൽ മലങ്കര സഭയ്ക്ക് വൈദേശിക ഭരണത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ 1653 ലെ കൂനൻ കുരിശു സത്യം മുതൽ 1995 ലെ സുപ്രീം കോടതി വധിവരെ പോരാടേണ്ടിവന്നു. സഭയുടെ നിലനിൽപ്പ്, സ്വാതന്ത്ര്യം വളർച്ച എന്നിവയ്ക്കാവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച എത്രയൊ സഭാ മേലദ്ധ്യക്ഷന്മാർ, വൈദിക ശ്രേഷ്ടർ, ആത്മായ പ്രമുഖർ നമുക്കുണ്ടായിട്ടുണ്ട്. അവരുടെയൊക്കെ പ്രാർത്ഥനകളും പ്രവർത്തനങ്ങളും മലങ്കര സഭ സ്മരിക്കണം. ധനം കൊണ്ടും ശരീരം കൊണ്ടും ബുദ്ധി കൊണ്ടും സഭയെ സഹായിച്ചർ വേറെയുമുണ്ട്. ഇവരുടെയൊക്കെ നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. മലങ്കര സഭയിൽ പൂർണ്ണ അനുരജ്ഞനവും ശാശ്വത സമാധാനവും കൈവരുത്തുന്നതിന് മുന്നിട്ടിറങ്ങുന്നതിനുള്ള പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ ആഹ്വാനം നാമേവരും അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ.

## ദിവംഗതനായി

ഓതറ ദയറാ സുപ്പീരിയർ വെരി. റവ. ബർശൈനോ കോർ എപ്പിസ്ക്കോപ്പാ ജൂലൈ 30-ാം തീയതി ഞായറാഴ്ച രാത്രി 10 30 ന് ദിവംഗതനായി. ശവസംസ്കാരം ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യരായ തോമസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഗീവറുഗീസ് മാർ ഈവാനിയോസ്, ഇയ്യോബ് മാർ പീലക്സീനോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും ആഗസ്റ്റ് 3-ാം തീയതി നടത്തപ്പെട്ടു. ശവസംസ്കാര ശുശ്രൂഷയിൽ നിരവധി വൈദികരും ഒട്ടനവധി വിശ്വാസികളും പങ്കെടുത്തു.

## സംയുക്ത യോഗം

മെഴുവേലി ഹോളി ഇന്നസെൻറ് ഇടവകയിൽ പ്രവർത്തിക്കുന്ന മർത്തമറിയം സമാജങ്ങളുടെ സംയുക്ത യോഗം മെഴുവേലി സെൻറ് തോമസ് ഓഡിറേറാറിയത്തിൽ ഇടവക വികാരി വെരി. റവ എ. ജി. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടി. ഇടവകയിലെ അഭ്യന്തര സുവിശേഷ പ്രവർത്തകർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ശ്രീമതി അന്നാമ്മ ജോർജ് റിപ്പോർട്ടു വായിച്ചു. ശ്രീമതി മോളി മാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു.

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ നിയമിതനായി

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകനും പബ്ലിക് റിലേഷൻ ഓഫീസറും 'മലങ്കര സഭ' മാസിക മാനേജിങ്ങ് എഡിറററുമായി ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ നിയമിതനായി.

## ഭദ്രാസന ധ്യാനം

ആററുവാ : ചെങ്ങന്നൂർ ഭദ്രാസന പ്രതിമാസ ധ്യാനം ആററുവാ സെൻറ് ബർസൗമ്മാ പള്ളിയിൽ നടത്തി.

ഫാ. ദാനിയേൽ പുല്ലേലിൽ അദ്ധ്യക്ഷം വഹിച്ചു. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ധ്യാനം നയിച്ചു.

അടുത്ത സമ്മേളനം ആഗസ്റ്റ് 19-ന് കോടുകുളഞ്ഞി പ്രകാശഗിരി പള്ളിയിൽ നടത്തും. ഫാ. ഐപ്പ് പി. സാം ധ്യാനത്തിനു നേതൃത്വം നൽകും.



## കുടുംബ ജീവിതം (തുടർച്ച)

**ഫാ. സി ജെ. ജോർജ്**

6 കോപം ആപത്തിനെ ക്ഷണിച്ചു വരുത്തുന്നു.

7 കോപം ധന നഷ്ടത്തിനും വ്യഥകൾക്കും വഴി ഒരുക്കുന്നു.

8 കോപം മനുഷ്യനെ പാപി ആക്കി ദൈവത്തിൽ നിന്നും അകററുന്നു.

9 കോപം നിരാശയിലേക്ക് വഴി നടത്തി ജീവിതം ഒരു പരാജയമാക്കിമാററുന്നു.

10 കോപം മററുള്ളവർ ഓർത്തു ദുഃഖിപ്പാനിടയാക്കുന്നു.

എന്നാൽ ക്ഷമാശീലം ഈ ദോഷ ഫലങ്ങളുടെയെല്ലാം സൽഫലങ്ങളാണ് നൽകുന്നത്. അങ്ങനെയുള്ള ഭവനങ്ങളിലും വ്യക്തികളിലും മാത്രമെ സമാധാനം നിലനിൽക്കുകയുള്ളു. ആഗ്രഹിച്ചാലുടനെ ലഭിക്കുന്ന ഒന്നല്ല സമാധാനം. അതിനു പല പടികൾ ഉണ്ട്. എന്നാൽ അസമാധാനവും പരാജയവും ഉണ്ടാവാൻ അധികമൊന്നും ചെയ്യണമെന്നില്ല. ജീവിതത്തിന്റെ ഓരോ നിമിഷവും സൂക്ഷ്മതയും നിയന്ത്രണവും ഇല്ലായെങ്കിൽ അസമാധാനം നമ്മോടുകൂടി എപ്പോഴും ഉണ്ടായിരിക്കും.

ക്ഷമാ ശീലമില്ലാത്ത ഭാര്യയും ഭർത്താവും ഉള്ള കുടുംബത്തിൽ സമാധാനം ഉണ്ടാകാറില്ല. സകലതിനും ഭാര്യയെ അലട്ടുന്ന ഭർത്താവും ഭർത്താവിനെ അലട്ടുന്ന ഭാര്യയും ഉണ്ട്. തങ്ങളെക്കാൾ ഉയർന്നവരെ മാതൃകയാക്കുന്ന സ്ത്രീകളും, ദുസ്വഭാവങ്ങൾ ഉള്ള ഭർത്താക്കന്മാരും ഉള്ള ഭവനങ്ങളിലും സമാധാനമില്ല. 'കലഹക്കാരിയായ ഭാര്യയോടുകൂടി താമസിക്കുന്നത് ചോർച്ചയുള്ള ഭവനത്തിൽ താമസിക്കുന്നതിനു തുല്യമാണെന്നാണല്ലൊ വേദം സാക്ഷിക്കുന്നത്. ശപിക്കുകയും മോശമായ പദങ്ങൾ ഉച്ചരിക്കുകയും ഉന്നതഭാവം നടിക്കുകയും ചെയ്യുന്ന സ്ത്രീ തന്റെ മക്കളെയാണ് നശിപ്പിക്കുന്നത്. അനന്തമായും അർത്ഥരഹിതമായും സംസാരിക്കുന്ന സ്ത്രീകൾ സദൃശ 14:23 ലെ വാക്യം ശ്രദ്ധിച്ചിരുന്നെങ്കിൽ നന്നായിരുന്നേനേ. ''എല്ലാ തൊഴിലു കൊണ്ടും ലാഭം വരും അധരചർവ്വണം കൊണ്ടോ ഞെരുക്കമെ വരൂ.'' ''നാവിന്റെ ശാന്തത ജീവ വൃക്ഷം. അതിന്റെ വക്രതയൊ മനോവ്യസനം'' എന്നാണു പറയുന്നത്. (സദൃശ. 15:4) സംസാരത്തിൽ അധികം തെററുന്നത് സ്ത്രീകളാണെന്നാണ് പൊതുവെ സമ്മതിച്ചിട്ടുള്ളത്. സ്ത്രീകളും അതു നിഷേധിക്കുന്നില്ല. ''മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു.'' (സദൃശ. 18:21) എങ്കിൽ സൂക്ഷിച്ച് സംസാരിച്ച് ജീവിക്കുന്നതല്ലെ നല്ലത്. ആദമിനെ തെററിച്ചത് ഹവ്വാ ആയിരിക്കുന്നതുപോലെ തന്നെ ഇന്നും അ

നേകം പുരുഷന്മാരെ സ്ത്രീകൾ തെററിക്കുന്നുണ്ട്. സ്ത്രീയുടെ ബലഹീനത അമ്മായിയമ്മപ്പോര്, നാത്തൂൻപോര് മുതലായവയിൽ നിന്നും മനസ്സിലാക്കാം. സ്ത്രീ നന്നായാൽ ലോകം നന്നായി എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. ''കഴുത്തിനു ചുററും നാക്കുള്ളവൾ'' എന്നു ചില സ്ത്രീകളെപ്പററി പറയാറുണ്ട്. എല്ലാ സ്ത്രീകളും ഇപ്രകാരമാണെന്നർത്ഥമില്ല.

അദ്ധ്വാന ഭാരത്തിൽ അലയുന്ന, വലയുന്ന പുരുഷനെക്കാൾ മാതൃകായോഗ്യമായ ഒരു കുടുംബം കെട്ടിപ്പെടുക്കുവാനുള്ള ചുമതല ഏറിയ പങ്കും സ്ത്രീകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സാമർത്ഥ്യമുള്ള ഒരു ഭാര്യ ആരാണെന്ന് സദൃശവാക്യങ്ങൾ 31:10-30 വരെയുള്ള വാക്യങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നു. ''ക്ഷമാ ബലമശക്തനാം, ശക്തനാം ഭൂഷണം ക്ഷമ'' എന്ന ന്യായേന എല്ലാവർക്കും ക്ഷമാശീലം അനുപേക്ഷണീയമാണ്. അമ്മയിൽ നിന്ന് ഒട്ടുവളരെ ഗുണപാഠങ്ങൾ കുട്ടികൾ കണ്ടു പഠിക്കേണ്ടതാണ്. എന്നാൽ പല അമ്മമാരിൽ നിന്നും കുട്ടികൾക്ക് കണ്ടുപഠിക്കാനൊന്നുമില്ലെന്നുള്ളതാണ് വാസ്തവം. മാതാപിതാക്കൾ തമ്മിലുള്ള നല്ല പെരുമാററം, സംസാരം, മാതാവിന്റെ അനുസരണ സ്വഭാവം, മക്കളുടെ മുൻപിൽ അപ്പനെപ്പററി നല്ലതുമാത്രം പറയുന്ന സ്വഭാവം, പ്രശ്നങ്ങൾ ഉണ്ടായാലും അതു ക്ഷമയോടെ തരണം ചെയ്യാനുള്ള കഴിവ് മുതലായവ എല്ലാം മക്കൾ അമ്മയിൽ നിന്നാണ് ഏറിയ കൂറും ശീലിക്കുന്നത്. ക്ഷമയുള്ള സ്ത്രീയ്ക്കു മാത്രമെ ഭർത്താവിനെയും മക്കളെയും നേടുവാൻ കഴിയുകയൊള്ളു.

ക്ഷമയുടെ വിപരീത സ്വഭാവം കോപമാണ്. കോപം വ്യക്തികളെയും കുടുംബങ്ങളെയും അധഃപ്പതിപ്പിച്ചിട്ടുണ്ട്. ''ഒരരിശത്തിന് ആററിൽ ചാടിയാൽ ഏഴരിശത്തിന് കയറാൻ പററില്ല.'' എന്ന ചൊല്ല് അർത്ഥവത്താണ്. ക്ഷിപ്രകോപത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകളുടെ പരിണിത ഫലത്താൽ വ്യഥ അനുഭവിക്കുന്നവർ വളരെയാണ്. ക്ഷിപ്രകോപത്തിന്റെ ഫലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നവരും ഉണ്ട്. കോപം ഒന്നിനും ഒരു പരിഹാരമല്ല. ക്ഷമ പലതിനും പരിഹാരമാണുതാനും. മാതൃകായോഗ്യമായ ഒരു കുടുംബത്തിൽ കോപത്തിനു സ്ഥാനമില്ല. ശത്രുവിനോടു പോലും ഏഴ് എഴുപതു വട്ടം ക്ഷമിക്കുവാൻ കർത്താവ് കല്പിച്ചതിൽ നിന്നും കുടുംബത്തിൽ ക്ഷമ എത്രയൊ അധികം ആവശ്യമെന്നു മനസ്സിലാക്കാം. കുരിശോളം ക്ഷമിച്ചാണ് കർത്താവ് ക്ഷമ പഠിപ്പിച്ചത്. കർത്താവ് പഠിപ്പിച്ച ക്ഷമ നാം പ്രാവർത്തികമാക്കുമെങ്കിൽ കുടുംബ ഛിദ്രങ്ങളൊ, ഹീന പ്രവർത്തികളൊ, വിവാഹമോചനമൊ ഒന്നും ഉണ്ടാവില്ല. ''ഭർത്താവിനെ പരാജയപ്പെടുത്തുന്ന ഭാര്യ പുത്രന്റെ മുമ്പിൽ തോൽവി സമ്മതിക്കേണ്ടിവരും. ഭാര്യയെ അകാരണമായി വേദനിപ്പിക്കുന്ന ഭർത്താവ് മക്കളുടെ കാരുണ്യത്തിന് യാചിക്കേണ്ടിവരും'' എന്നത് എത്രയൊ സത്യമാണ്. അല്പമൊന്നു സൂക്ഷിച്ചാൽ ഒട്ടുവളരെ വ്യഥകൾ ജീവിതത്തിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കും. ഇതിൽ ഏതാണ് അഭികാമ്യം, കോപിച്ച് ജീവിതം നശിപ്പിക്കണമൊ അതോ അല്പം ക്ഷമിച്ച് ജീവിതം സമാധാന പൂർണ്ണമാക്കണമൊ?

## 6 സ്നേഹം

സ്നേഹം എന്താണെന്ന് പലർക്കും അറിയില്ല. അറിവുള്ളവരും സ്നേഹം ആചരിക്കേണ്ട രീതിയിൽ ആചരിക്കുന്നില്ല. സ്നേഹത്തെപ്പററി ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നത് ''Love is the conscious surrender of self for others and this surrender is the cause of all happiness. എന്നാണ് 'അറിഞ്ഞുകൊണ്ട് സ്വാർത്ഥത മററുള്ളവർക്കുവേണ്ടി ത്യജിക്കുന്നതാണ് സ്നേഹം എന്നു പറയുന്നത്. ഈ ത്യാഗമാണ് സമാധാനത്തിനു കാരണമാകുന്നത്.' കർത്താവും പുണ്യ പിതാക്കന്മാരും ഈ പരമമായ ത്യാഗത്തിൽ കൂടിയാണ് സ്നേഹം നമ്മെ പഠിപ്പിച്ചത്. ത്യാഗമില്ലാതെ സ്നേഹമില്ല. 1 കോരി. 13-ാം അദ്ധ്യായം സ്നേഹത്തെപ്പററിയാണ് പറയുന്നത്. ത്യാഗത്തിന്റെ മഹാചാര്യനായ വി. പൗലോസ് ശ്ലീഹായ്ക്കു മാത്രമെ ഇപ്രകാരം എഴുതുവാൻ സാധിക്കൂ. ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നാണു കവി വാക്യമെങ്കിലും അതു മനുഷ്യനിൽ എത്രമാത്രം ചേരുന്നു എന്നു ചിന്തിക്കേണ്ടതാണ്. ദൈവം സ്നേഹമായതിനാലാണ് സ്നേഹത്തിന് അതുല്യാവസ്ഥ നൽകിയിരിക്കുന്നത്. എങ്കിലും ദൈവത്തിന്റെ പ്രതിഛായയായ മനുഷ്യനിൽ സ്നേഹത്തിന്റെ ആഴം എത്രമാത്രം ഉണ്ടെന്ന് സംശയിക്കണം.

''സ്നേഹമാം നിന്നെ കണ്ടവൻ
പിന്നെ
സ്നേഹിക്കാതെ ജീവിക്കുമൊ?'

എന്നു പാട്ടുകാരൻ പാടുന്നു എങ്കിലും സ്നേഹമില്ലാതെ ജീവിക്കുവാൻ മനുഷ്യന് വലിയ വിഷമം ഒന്നുമില്ലതന്നെ. എല്ലാ സ്നേഹത്തിലും സ്വാർത്ഥത കുറെയൊക്കെ ദൃശ്യമാണ്. സ്വാർത്ഥത ഇല്ലാതെ സ്നേഹിച്ചതും സ്നേഹിപ്പാൻ പഠിപ്പിച്ചതും കർത്താവുമാത്രമാണ്. വി. മത്തായി 5:38-48 ''കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഞാനോ നിങ്ങളോടു പറയുന്നത് ദുഷ്ടനോട് എതിർക്കരുത്. നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവനു മറേറതും തിരിച്ചു കാണിക്ക. നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴിപോകാൻ നിർബ്ബ

ന്ധിച്ചാൽ രണ്ട് അവനോടു കൂടി പോക. നിന്നോടു യാചിക്കുന്നവന് കൊടുക്കുക. വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്. കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പീൻ'' മേലുദ്ധരിച്ച പ്രകാരം സ്നേഹിപ്പാൻ കഴിയുന്നവർ അപൂർവ്വമാണെങ്കിലും ഈ വിധ സ്നേഹത്തിനു മാത്രമെ മാററുള്ളൂ. ഈ വിധത്തിലുള്ള സ്നേഹത്തെപ്പററി കർത്താവും പരിശുദ്ധ അപ്പോസ്തോലന്മാരും പിതാക്കന്മാരും വളരെയേറെ പഠിപ്പിച്ചിട്ടുണ്ട്.

ഈ വിധ സ്നേഹമാണ് കുടുംബത്തിലും കാണേണ്ടത്. ത്യാഗസ്വഭാവമില്ലാത്തതും സ്വാർത്ഥതനിറഞ്ഞതുമായ നശ്വരമാത്ര സ്നേഹം ഇച്ഛയ്ക്കു ഭംഗം ഉണ്ടാകുമ്പോൾ ഇല്ലാതെയായിപ്പോകാനിടയുണ്ട്. കർത്താവു പഠിപ്പിച്ച സ്നേഹം. 'സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരു നാളും ഉതിർന്നു പോകുകയില്ല '' ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് സ്നേഹം. ഈ സ്നേഹം വ്യക്തികളിലും കുടുംബങ്ങളിലും ഉണ്ടെങ്കിൽ അല്ലലിനും ഛിദ്രത്തിനും ഒട്ടും ഇടഉണ്ടാവില്ല. ക്രിസ്തീയ ജീവിതത്തിൻെറ ആഴം സ്നേഹാചരണത്തിലൂടെയാണ്. ഈ സ്നേഹം ശത്രുക്കൾക്കു പോലും കൊടുപ്പാൻ നമുക്കു കഴിയണം. അപ്പോൾ മിത്രങ്ങളെ സ്നേഹിക്കണമെന്ന് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ. എങ്കിൽ കുടുംബ പ്രശ്നങ്ങൾ എല്ലാം അവസാനിക്കും കുടുംബം മാതൃകായോഗ്യമാകും. ''മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം'' എന്ന ന്യായേന ക്രിസ്ത്യാനിയുമായി ഇടപെടുന്നവരെല്ലാം ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടും. സ്നേഹം കൊടുത്താൽ മാത്രമെ സ്നേഹം ലഭിക്കുകയുള്ളു. സ്നേഹിക്കാത്തവന് സ്നേഹിക്കപ്പെടുവാനും അർഹതയില്ല.

## 7 വിമർശന രഹിതമായ കുടുംബാന്തരീക്ഷം

പല ഭവനങ്ങളിലും വിമർശനത്തിൻെറ ധ്വനി മുഴങ്ങിക്കേൾക്കുവാൻ കഴിയും. തെററിദ്ധാരണകളും, അജ്ഞതയും അസൂയയും മററുമാണ് വിമർശനത്തിന് ഒരുവനെ പ്രേരിപ്പിക്കുന്ന



ത്. തന്റെ ബലഹീനതകൾ താൻ മറച്ചുവെച്ചുകൊണ്ടായിരിക്കും മററുള്ളവരെ വിമർശിക്കുന്നത്. ഭർത്താവിനെ വിമർശിക്കുന്ന ഭാര്യയും ഭാര്യയെ വിമർശിക്കുന്ന ഭർത്താവും മക്കളെ വിമർശിക്കുന്ന മാതാപിതാക്കളും മതാപിതാക്കളെ വിമർശിക്കുന്ന മക്കളും കുറവല്ല മററുള്ളവർ തങ്ങളെ വിമർശിച്ചാൽ തങ്ങളിലുണ്ടാവുന്ന വികാരത്തെപ്പററി അവർ ചിന്തിക്കാറില്ല. 'നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ' എന്നു കർത്താവ് കല്പിച്ചതിൽ നിന്നും വിമർശന യോഗ്യൻ മററുള്ളവരെ വിമർശിക്കുന്നത് മാന്യതയല്ലല്ലൊ. വിമർശിക്കുന്നയാൾ താൻ മററുള്ളവർക്കു കൊടുക്കേണ്ട ബഹുമാനം നൽകുന്നില്ല. ഒരാളിൻെറ അസാന്നിദ്ധ്യത്തിൽ അയാളെ വിമർശിക്കുന്നത് ഒരു നല്ല പ്രവണതയല്ല വിമർശനം കേൾക്കുന്നയാൾക്ക് അതു മാതൃകാപരമല്ല. മററുള്ളവരെ വിമർശിക്കുവാൻ കർത്താവ് പഠിപ്പിച്ചിട്ടില്ല. സ്നേഹമുള്ളവന് വിമർശിക്കുവാൻ കഴിയുകയുമില്ല. ദൈവ ഭക്തി ഉള്ളവർക്കും വിമർശനം അലേർജിയാണ്. വിമർശനത്താൽ ഒരു പ്രയോജനവും ഉണ്ടാകയില്ലെന്നു മാത്രമല്ല വൈരാഗ്യം, ശത്രുത എന്നീ ദോഷ ഫലങ്ങൾ ഉണ്ടാവുകയും ചെയ്യും. കുടുംബത്തിലാണെങ്കിൽ വിമർശനം ഭാര്യാ ഭർത്താക്കന്മാരെ തമ്മിലകററുകയും മക്കളിലും മാതാപിതാക്കളിലും ശത്രുതയും ഗ്രൂപ്പുമത്സരവും സൃഷ്ടിക്കുവാനും ഇടയാകുന്നു. അതു കുടുംബ നാശത്തിനു വഴിതെളിക്കുകയും ചെയ്യും.

ഒരു വ്യക്തിയെപ്പററി എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അയാളുടെ സാന്നിദ്ധ്യത്തിൽ അയാളെ സ്നേഹത്തോടെ ഗുണദോഷിക്കുന്നതു നല്ലതാണ്. ആ ഉപദേശത്തിന് ഗുണദോഷത്തിനുള്ള ഗുണങ്ങൾ ഉണ്ടായിരിക്കുകയും വേണം. ഗുണദോഷിക്കുന്നയാൾ അതിനു യോഗ്യനും ആയിരിക്കണം. മോഷണം 'നല്ലതല്ലാത്തതിനാൽ മോഷ്ടിക്കരുത്'' എന്നു ''കായംകുളം കൊച്ചുണ്ണി'' പ്രസംഗിച്ചാൽ ഫലമുണ്ടാവില്ലല്ലൊ. ഭാര്യാ ഭർത്താക്കന്മാർ പരസ്പരം മാത്രമല്ല ഇരുവരും പരസ്പരം കുടുംബത്തിലുള്ള മററുള്ളവരെയും വിമർശിക്കുന്ന ശീലം പലയിടത്തും കാണുന്നുണ്ട്. ശത്രുക്കളെ സൃഷ്ടിക്കാമെന്നാല്ലാതെ അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്. പരസ്പരം വിമർശിക്കാതിരിക്കുകയും അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കാതിരിക്കുവാൻ മററുള്ളവരും ശ്രദ്ധിക്കേണ്ടതാണ്. കുടുംബത്തിൽ എല്ലാവരും പ്രത്യേകിച്ച് സ്ത്രീകൾ തങ്ങളുടെ നാക്കിനെ കൂടുതൽ ശ്രദ്ധയോടെ നിയന്ത്രിക്കേണ്ടതാണ്. വി യാക്കോബ് ശ്ലീഹാ നാക്കിനെപ്പററിയും ആ ചെറിയ അവയവം ഉണ്ടാക്കുന്ന വ്യഥകളെപ്പററിയും നാം ശ്രദ്ധിച്ചു പഠിച്ച് പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതാണ്. കോപം വരുമ്പോൾ നിയന്ത്രണം വിട്ടു സംസാരി

## ഇസബേൽ (തുടർച്ച)

പി. എം. ചാക്കോ, കിടങ്ങന്നൂർ

ആ കത്തില്ല എങ്കിൽ ദേവന്മാർ എന്നോട് തക്കവണ്ണവും അധികവും ചെയ്യട്ടെ' എന്നറിയിച്ചു. ഈ വാർത്ത കേട്ടപ്പോൾ ഏലിയാവിന്റെ തലേദിവസത്തെ എല്ലാ ധൈര്യവും ഒലിച്ചുപോയി. അവൻ ഭീരുവായി മരണം പ്രതീക്ഷിച്ച് ഒരു ചൂരൽച്ചെടിയുടെ കീഴിൽ തളർന്നു കിടന്നുപോയി. ഇസബേലിന്റെ ആജ്ഞാശക്തിയുടെ ഗൗരവം ഇവിടെ കാണാൻ കഴിയും.

ആഹാബ് രാജാവിന്റെ കൊട്ടാരത്തിനടുത്ത് യിസ്രായേല്യനായ നാബോത്തിന് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. തഴച്ചുകൊഴുത്ത് പഴുത്ത മുന്തിരിക്കുലകളുമായി നിൽക്കുന്ന നിരവധി മരങ്ങളോടുകൂടി ഈ തോട്ടം ആഹാബിന്റെ സമാധാനം കെടുത്തി. ഈ തോട്ടം കൈവശപ്പെടുത്തി അതിനെ ഒരു ചീരത്തോട്ടം ആക്കണമെന്നുള്ള ആഗ്രഹം അവനിൽ ഉടലെടുത്തു, അ

---

ക്കുകയും പിന്നീട് പശ്ചാത്തപിക്കുകയും ചെയ്യുന്നവരുണ്ട്. ''നാവും ഒരു തീ തന്നെ'' എന്നാണല്ലൊ വി. യാക്കോബ് പറഞ്ഞിരിക്കുന്നത്. ''തന്റെ നാവിനെ അടക്കുന്നവൻ ശു[illegible]മായിരിക്കും'' എന്നും സദൃശ[illegible]ാക്യത്തിൽ പറഞ്ഞിരിക്കുന്നു. ഈ ചെറിയ അവയവം സൃഷ്ടിക്കുന്ന വൈതരണികളെയും വ്യഥകളെയും ഭയന്നെങ്കിലും നാവിനെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമത്രെ. മിതഭാഷിയായിരിക്കുക എപ്പോഴും നല്ലതു തന്നെ.

ദൈവാശ്രയമുള്ളവർ വിമർശനത്തിൽ വളരെ പിന്നിലായിരിക്കും. 'Speech is silver and silence is gold' എന്നാണല്ലൊ പണ്ഡിതമൊഴി. 'നിങ്ങളുടെ [illegible]രം ഉവ്വ്, ഉവ്വ് എന്നും അല്ലാ, അല്ലാ എന്നും ആയിരിക്കട്ടെ. ഇതിലധികമായുള്ളത് ദുഷ്ടനിൽ നിന്നും വരുന്നു.' എന്നുള്ള കർത്തൃ വചനം നമുക്ക് മറക്കാതിരിക്കാം. ഒരുവന് മറ്റൊരുവനോട് വല്ല വിരോധവും ഉണ്ടെങ്കിൽ നീയും അവനും മാത്രമുള്ളപ്പോൾ അവന്റെ കുററം ബോധ്യപ്പെടുത്തുക. കേൾക്കുന്നില്ലെങ്കിൽ മാന്യരായ ഒന്നു രണ്ടു പേരെ കൂടിച്ചേർത്ത് ഗുണദോഷിക്കുക. അവരെയും അനുസരിക്കുന്നില്ലെങ്കിൽ സഭയോടു പറക. സഭയേയും കേൾക്കുന്നില്ലെങ്കിൽ അവൻ നിനക്ക് അന്യനിയുമിരിക്കട്ടെ. എന്നാണല്ലൊ തിരുവചനം. വിമർശനം മനുഷ്യസ്വഭാവം ആകയാൽ വിമർശനയോഗ്യമായവ ഒന്നും ഒരുവൻ പ്രവർത്തിക്കാതെ സൂക്ഷിക്കുന്നത് നല്ലതാണ്.



വൻ നാബോത്തിനെ വരുത്തി ആ തോട്ടം തനിക്ക് വിലയ്ക്കു തരണം എന്നാവശ്യപ്പെട്ടു. അത് പൈതൃകമായി തനിക്ക് ലഭിച്ച അവകാശമാണെന്നും അതുകൊണ്ട് അതു വിൽക്കുകയില്ല എന്നും നാബോത്ത് പറഞ്ഞു. നാബോത്തിന്റെ ഉത്തരം രാജാവിനെ തളർത്തിക്കളഞ്ഞു. അവൻ അരമനയിൽ തന്റെ കട്ടിലിൽ വന്ന് ആഹാരം കഴിക്കാതെ തളർന്നു കിടന്നു. ഇസബേൽ കാര്യങ്ങൾ തിരക്കി. കുശാഗ്രബുദ്ധിയായ അവൾ പറഞ്ഞു. 'ധൈര്യമായിരിക്കുക. ഞാൻ തോട്ടം നിങ്ങൾക്ക് തരുവിക്കും' എന്ന്.

നാബോത്തിനെ വധിക്കുവാൻ ഉള്ള പദ്ധതികൾ അവൾ തയ്യാറാക്കി. അവൾ ആഹാബിന്റെ പേരും മുദ്രയും വച്ച് ഒരു കത്തെഴുതി നാബോത്തിന്റെ പട്ടണത്തിലെ മൂപ്പന്മാർക്കയച്ചു. അതിൽ അവൾ ആവശ്യപ്പെട്ടത് ഒരു ഉപവാസം നടത്തണമെന്നും അതിൽ നാബോത്തിനെ മാന്യസ്ഥാനത്തിരുത്തണമെന്നും അവിടെവച്ച് നാബോത്ത് ദൈവത്തിനും രാജാവിനും എതിരായി സംസാരിച്ചത് കേട്ടു എന്ന് രണ്ട് നീചന്മാരെക്കൊണ്ട് സാക്ഷി പറയിക്കേണം എന്നും തുടർന്ന് നാബോത്തിനെ കല്ലെറിഞ്ഞ് കൊല്ലണം എന്നും ആയിരുന്നു. ഒരു നിരപരാധിയെ വധിക്കുന്നതിന് ഉപവാസവും ദൈവത്തിന്റെ പേരും വലിച്ചിഴക്കുന്നു! ഇതൊക്കെ ഇന്നും നമ്മുടെ നാട്ടിൽ നടക്കുന്നവതന്നെ പറഞ്ഞതുപോലെ അവർ ചെയ്തു. നാബോത്തിനെ കല്ലെറിഞ്ഞുകൊന്നു. അവന്റെ രക്തം നായിക്കൾ നക്കി കുടിച്ചു. തോട്ടം ആഹാബ് കൈവശപ്പെടുത്തി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

വിവരം അറിഞ്ഞ് ഏലിയാവ് ആഹാബിന്റെ മുമ്പിൽ എത്തി. നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ചതു പോലെ തന്നെ നിനക്കും നിന്റെ പാതൃഭവനത്തിനും സംഭവിക്കും എന്നു പറഞ്ഞു. ആഹാബ് ഏലീയാവിന്റെ വാക്കുകൾ കേട്ടപ്പോൾ അനുതപിച്ച് രട്ടുടുത്തു ഉപവസിച്ചു. അവൻ തന്നത്താൻ അനുതപിക്കുകയും ദൈവമുമ്പാകെ വിനയപ്പെടുകയും ചെയ്തതിനാൽ അവന്റെ ജീവിതകാലത്ത് അനർത്ഥങ്ങളൊന്നും വരുത്താതെ അവന്റെ പിൻഗാമികളുടെ കാലത്തേക്ക് ശിക്ഷകളെല്ലാം യഹോവ മാററിവച്ചു.

(1 രാജാ. 21:29)

ഗിലയാദിലെ രാമോത്ത് ആരാം രാജാവിൽ നിന്നും വീണ്ടെടുക്കുന്നതിനായി യഹൂദ രാജാവായ യെഹോശാഫാത്തും ആയി ചേർന്ന് ആഹാബ് ഒരു യുദ്ധം നടത്തി. യെഹോശാഫാത്ത് രാജചിഹ്നം അണിഞ്ഞും ആഹാബ് വേഷ പ്രച്ഛന്നനായുമാണ് യുദ്ധക്കളത്തിൽ പ്രവേശിച്ചത്. ആ യുദ്ധത്തിൽ ആഹാബിന് ഗുരുതരമായ മുറിവേററു. അവനെ യുദ്ധക്കളത്തിൽ നിന്നും രാജകൊട്ടാരത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. അവൻ രക്തം

## ഇസബേൽ (തുടർച്ച)

പി. എം. ചാക്കോ, കിടങ്ങന്നൂർ

ആകത്തില്ല എങ്കിൽ ദേവന്മാർ എന്നോട് തക്കവണ്ണവും അധികവും ചെയ്യട്ടെ' എന്നറിയിച്ചു. ഈ വാർത്ത കേട്ടപ്പോൾ ഏലിയാവിന്റെ തലേദിവസത്തെ എല്ലാ ധൈര്യവും ഒലിച്ചുപോയി. അവൻ ഭീരുവായി മരണം പ്രതീക്ഷിച്ച് ഒരു ചൂരൽച്ചെടിയുടെ കീഴിൽ തളർന്നു കിടന്നുപോയി. ഇസബേലിന്റെ ആജ്ഞാശക്തിയുടെ ഗൗരവം ഇവിടെ കാണാൻ കഴിയും.

ആഹാബ് രാജാവിന്റെ കൊട്ടാരത്തിനടുത്ത് യിസ്രായേല്യനായ നാബോത്തിന് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. തഴച്ചുകൊഴുത്ത് പഴുത്ത മുന്തിരിക്കുലകളുമായി നിൽക്കുന്ന നിരവധി മരങ്ങളോടുകൂടി ഈ തോട്ടം ആഹാബിന്റെ സമാധാനം കെടുത്തി. ഈ തോട്ടം കൈവശപ്പെടുത്തി അതിനെ ഒരു ചീരത്തോട്ടം ആക്കണമെന്നുള്ള ആഗ്രഹം അവനിൽ ഉടലെടുത്തു, അ

---

ക്കുകയും പിന്നീട് പശ്ചാത്തപിക്കുകയും ചെയ്യുന്നവരുണ്ട്. ''നാവും ഒരു തീ തന്നെ'' എന്നാണല്ലൊ വി. യാക്കോബ് പറഞ്ഞിരിക്കുന്നത്. ''തന്റെ നാവിനെ അടക്കുന്നവൻ ശുഭമായിരിക്കും'' എന്നും സദൃശ്യവാക്യത്തിൽ പറഞ്ഞിരിക്കുന്നു. ഈ ചെറിയ അവയവം സൃഷ്ടിക്കുന്ന വൈതരണികളെയും വ്യഥകളെയും ഭയന്നെങ്കിലും നാവിനെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമത്രെ. മിതഭാഷിയായിരിക്കുക എപ്പോഴും നല്ലതു തന്നെ.

ദൈവാശ്രയമുള്ളവർ വിമർശനത്തിൽ വളരെ പിന്നിലായിരിക്കും. 'Speech is silver and silence is gold' എന്നാണല്ലൊ പണ്ഡിതമൊഴി. 'നിങ്ങളുടെ ഉത്തരം ഉവ്വ്, ഉവ്വ് എന്നും അ

ല്ലാ, അല്ലാ എന്നും ആയിരിക്കട്ടെ. ഇതിലധികമായുള്ളത് ദുഷ്ടനിൽ നിന്നും വരുന്നു.' എന്നുള്ള കർത്തൃവചനം നമുക്ക് മറക്കാതിരിക്കാം. ഒരുവന് മറ്റൊരുവനോട് വല്ല വിരോധവും ഉണ്ടെങ്കിൽ നീയും അവനും മാത്രമുള്ളപ്പോൾ അവന്റെ കുറ്റം ബോധ്യപ്പെടുത്തുക. കേൾക്കുന്നില്ലെങ്കിൽ മാന്യരായ ഒന്നു രണ്ടു പേരെ കൂടിച്ചേർത്ത് ഗുണദോഷിക്കുക. അവരെയും അനുസരിക്കുന്നില്ലെങ്കിൽ സഭയോടു പറക. സഭയേയും കേൾക്കുന്നില്ലെങ്കിൽ അവൻ നിനക്ക് അന്യനിയിരിക്കട്ടെ. എന്നാണല്ലൊ തിരുവചനം. വിമർശനം മനുഷ്യസ്വഭാവം ആകയാൽ വിമർശനയോഗ്യമായവ ഒന്നും ഒരുവൻ പ്രവർത്തിക്കാതെ സൂക്ഷിക്കുന്നത് നല്ലതാണ്.



വൻ നാബോത്തിനെ വരുത്തി ആ തോട്ടം തനിക്ക് വിലയ്ക്കു തരണം എന്നാവശ്യപ്പെട്ടു. അത് പൈതൃകമായി തനിക്ക് ലഭിച്ച അവകാശമാണെന്നും അതുകൊണ്ട് അതു വിൽക്കുകയില്ല എന്നും നാബോത്ത് പറഞ്ഞു. നാബോത്തിന്റെ ഉത്തരം രാജാവിനെ തളർത്തിക്കളഞ്ഞു. അവൻ അരമനയിൽ തന്റെ കട്ടിലിൽ വന്ന് ആഹാരം കഴിക്കാതെ തളർന്നു കിടന്നു. ഇസബേൽ കാര്യങ്ങൾ തിരക്കി. കുശാഗ്രബുദ്ധിയായ അവൾ പറഞ്ഞു. 'ധൈര്യമായിരിക്കുക. ഞാൻ തോട്ടം നിങ്ങൾക്ക് തരുവിക്കും' എന്ന്.

നാബോത്തിനെ വധിക്കുവാൻ ഉള്ള പദ്ധതികൾ അവൾ തയ്യാറാക്കി. അവൾ ആഹാബിന്റെ പേരും മുദ്രയും വച്ച് ഒരു കത്തെഴുതി നാബോത്തിന്റെ പട്ടണത്തിലെ മൂപ്പന്മാർക്കയച്ചു. അതിൽ അവൾ ആവശ്യപ്പെട്ടത് ഒരു ഉപവാസം നടത്തണമെന്നും അതിൽ നാബോത്തിനെ മാന്യസ്ഥാനത്തിരുത്തണമെന്നും അവിടെവച്ച് നാബോത്ത് ദൈവത്തിനും രാജാവിനും എതിരായി സംസാരിച്ചത് കേട്ടു എന്ന് രണ്ട് നീചന്മാരെക്കൊണ്ട് സാക്ഷി പറയിക്കേണം എന്നും തുടർന്ന് നാബോത്തിനെ കല്ലെറിഞ്ഞ് കൊല്ലണം എന്നും ആയിരുന്നു. ഒരു നിരപരാധിയെ വധിക്കുന്നതിന് ഉപവാസവും ദൈവത്തിന്റെ പേരും വലിച്ചിഴയ്ക്കുന്നു! ഇതൊക്കെ ഇന്നും നമ്മുടെ നാട്ടിൽ നടക്കുന്നവതന്നെ പറഞ്ഞതുപോ

ലെ അവർ ചെയ്തു. നാബോത്തിനെ കല്ലെറിഞ്ഞുകൊന്നു. അവന്റെ രക്തം നായ്ക്കൾ നക്കി കുടിച്ചു. തോട്ടം ആഹാബ് കൈവശപ്പെടുത്തി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

വിവരം അറിഞ്ഞ് ഏലിയാവ് ആഹാബിന്റെ മുമ്പിൽ എത്തി. നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ചതു പോലെ തന്നെ നിനക്കും നിന്റെ പാതൃഭവനത്തിനും സംഭവിക്കും എന്നു പറഞ്ഞു. ആഹാബ് ഏലീയാവിന്റെ വാക്കുകൾ കേട്ടപ്പോൾ അനുതപിച്ച് രട്ടുടുത്തു ഉപവസിച്ചു. അവൻ തന്നത്താൻ അനുതപിക്കുകയും ദൈവമുമ്പാകെ വിനയപ്പെടുകയും ചെയ്തതിനാൽ അവന്റെ ജീവിതകാലത്ത് അനർത്ഥങ്ങളൊന്നും വരുത്താതെ അവന്റെ പിൻഗാമികളുടെ കാലത്തേക്ക് ശിക്ഷകളെല്ലാം യഹോവ മാറ്റിവച്ചു.

(1 രാജാ. 21:29)

ഗിലയാദിലെ രാമോത്ത് ആരാം രാജാവിൽ നിന്നും വീണ്ടെടുക്കുന്നതിനായി യഹൂദ രാജാവായ യെഹോശാഫാത്തും ആയി ചേർന്ന് ആഹാബ് ഒരു യുദ്ധം നടത്തി. യെഹോശാഫാത്ത് രാജചിഹ്നം അണിഞ്ഞും ആഹാബ് വേഷ പ്രഛന്നനായുമാണ് യുദ്ധക്കളത്തിൽ പ്രവേശിച്ചത്. ആ യുദ്ധത്തിൽ ആഹാബിന് ഗുരുതരമായ മുറിവേററു. അവനെ യുദ്ധക്കളത്തിൽ നിന്നും രാജകൊട്ടാരത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. അവൻ രക്തം

വാർന്ന് രഥത്തിൽ വച്ചു തന്നെ മരിച്ചു. അവന്റെ രക്തം രഥത്തിൽ വീണത് ശമര്യയിലെ കുളത്തിൽ കഴുകി. യഹോവ കല്പിച്ചതുപോലെ നായ്ക്കൾ അവന്റെ രക്തം നക്കുകയും വേശ്യകൾ അതിൽ കുളിക്കുകയും ചെയ്തു. ആഹാബിന്റെ മരണത്തെത്തുടർന്ന് അവന്റെ പുത്രൻ അഹസ്യാവ് അവനു പകരം രാജാവായി.

അഹസ്യാവ് രണ്ടു വർഷം രാജ്യം ഭരിച്ചു. അവൻ ശമര്യയിലെ തന്റെ മാളികയുടെ മുകളിൽ ഉലാത്തിക്കൊണ്ടിരിക്കവെ കാലുവഴുതി വീണ് പരിക്കു പററി ഏതാനും ദിവസം കിടന്ന ശേഷം മരിച്ചുപോയി. അവന് മക്കളില്ലാഞ്ഞതിനാൽ അവന്റെ സഹോദരൻ യെഹോരാം അവനു പകരം രാജാവായി. ആഹാബിന്റെ പുത്രന്മാരായ അഹസ്യാവിന്റെയും യെഹോരാമിന്റെയും ഭരണകാലത്തും രാജഭരണം നിർവ്വഹിച്ചിരുന്നത് ഇസബേലായിരുന്നു. അവൾ സ്വന്തം ഇഷ്ടപ്രകാരം രാജ്യം ഭരിക്കുകയും ദൈവേഷ്ടത്തെ അവഗണിക്കുകയും ചെയ്തു.

ഏലീശാ പ്രവാചകൻ പ്രവാചകശിഷ്യന്മാരിൽ ഒരുത്തനെ തൈലക്കൊമ്പുമായി ഗിലയാദിലെ രാമോത്തിലേക്കയച്ചു. അവിടെ വച്ച് സേനാനായകനായ യെഹൂവിന്റെ ശിരസ്സിൽ തൈലം ഒഴിച്ച് രാജാവായി വാഴിച്ചു. നിംശിയുടെ മകനായ യെഹോശാഫാത്തിന്റെ മകൻ യേഹൂ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. അഭിഷേകം ചെയ്യപ്പെട്ട യേഹൂവിനോട് എന്റെ ദാസന്മാരായ പ്രവാചകന്മാരുടെ രക്തത്തിനും യഹോവയുടെ സകല ദാസന്മാരുടെയും രക്തത്തിനും ഇസബേലിനോട് പ്രതികാരം ചെയ്യേണ്ടതിന് ആഹാബിന്റെ ഗൃഹത്തെ നശിപ്പിക്കേണം എന്ന് പ്രവാചക ശിഷ്യൻ അരുളിച്ചെയ്തു.

യേഹൂ രഥം കയറി യിസ്രായേലിലേക്ക് പോയി. ആരാമ്യരുമായുള്ള യുദ്ധത്തിൽ പരിക്കുപററി ചികിത്സയിൽ ആയിരുന്ന യോരാം. യെഹൂ രാജകൊട്ടാരത്തോട് സമീപിക്കുന്നത് കണ്ട് വിവരം അറിയാൻ അയയ്ക്കപ്പെട്ട രണ്ടുകാവൽ ഭടന്മാരും യേഹൂവിനോടു ചേർന്ന് അവന്റെ പിൻപെ നീങ്ങി. ഒടുവിൽ രാജാവായ യോരാം തന്നെ അവനെ എതിരേററു ചെന്നു. യേഹൂ അവന്റെ നേരേ എയ്ത അമ്പ് അവന്റെ ഹൃദയം തുളച്ച് പുറത്തുകടന്നു. അവൻ രഥത്തിൽ ചുരുണ്ടു വീണു. അവന്റെ ശരീരം നാബോത്തിന്റെ മുന്തിരിത്തോട്ടത്തിലേക്കെറിഞ്ഞു. നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ചതുപോലെ അവന്റെ രക്തവും നായ്ക്കൾ ആസ്വദിച്ചു,

യേഹു വിജശ്രിഷ്ഠവായി വരുന്നത് ഇസബേൽ മാളികയുടെ കിളിവാതിലിൽക്കൂടി കണ്ടു. വിപധ ധീരയായ അവൾ കണ്ണിൽ മഷി എഴുതി, തല ചീകി മിനുക്കി കിളിവാതിൽക്കൽക്കൂടി അവനോടു സംസാരിച്ചു. ഇതു കേട്ട യേഹൂ 'ആരുള്ളു എന്റെ പക്ഷത്ത്'' എന്നു ചോദിച്ചു. രണ്ടു മൂന്നു ഷണ്ഡന്മാർ പുറത്തേക്കു നോക്കി. 'അവളെ തള്ളി താഴെയിടുവിൻ' എന്ന് യേഹൂ പറഞ്ഞതനുസരിച്ച് അവർ അവളെ മാളിക മുകളിൽ നിന്നും തള്ളി താഴെയിട്ടു. അവളുടെ രക്തം കുതിരകളിന്മേലും ചുവരുകളിലും തെറിച്ചു. അവൻ അവളെ ചവിട്ടിക്കളഞ്ഞു അതിനു ശേഷം യേഹൂ ഭക്ഷണപാനീയങ്ങൾ കഴിഞ്ഞ് മടങ്ങി വന്നപ്പോൾ അവളുടെ കൈപ്പത്തികളും തലമണ്ടയും കാലുകളും ഒഴികെ ബാക്കിയെല്ലാം നായ്ക്കൾ തിന്നു കളഞ്ഞിരുന്നു.

സീദോന്യ രാജാവായ എത്തുബാലിന്റെ മകളും യിസ്രായേൽ രാജാവായ ഒമ്രിയുടെ മരുമകളും ആഹാബ് രാജാവിന്റെ ഭാര്യയും യിസ്രായേൽ രാജാക്കന്മാരായ അഹസ്യാവിന്റെയും യെഹോരാമിന്റെയും മാതാവും ആയിരുന്ന ഇസബേലിന്റെ അന്ത്യം അങ്ങനെ സംഭവിച്ചു. യേഹൂ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക ''നിന്റെ അമ്മയായ ഇസബേലിന്റെ പരസംഗവും ക്ഷുദ്രവും ഇത്ര അധികമായിരിക്കുന്നേടത്തോളം എന്തു സമാധാനം എന്നു പറഞ്ഞു.''

(2 രാജാ. 9:22)

ആഹാബിന് ശമര്യയിൽ ഉണ്ടായിരുന്ന ഏഴുപുത്രന്മാരേയും വധിച്ച് അവരുടെ തല രണ്ടു കൂനയായി പടിപ്പുര വാതിൽക്കൽ കൂട്ടിവച്ചു. യിസ്രായേലിലെ ശക്തന്മാരായ ഏലി, ഏലിശാ എന്നി പ്രവാചകന്മാരുടെ ഉപദേശങ്ങളെ അവഗണിച്ചും യഹോവയ്ക്കു അനിഷ്ടമായുള്ളതു പ്രവർത്തിച്ചും യിസ്രായേലിൽ ബാലിന്റെ ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്ത ഇസബേൽ നിമിത്തം ആഹാബ് ഗൃഹം ഒന്നൊഴിയാതെ ശൂന്യമായിത്തീരുന്നതിനിടയായി ഈ ഇസബേൽ നമുക്കേവർക്കും ഒരു പാഠമായിരിക്കട്ടെ.

പരസംഗവും ക്ഷുദ്രവും തൊഴിലാക്കിയും നിരപരാധികളുടെ വസ്തുവകകൾ കൈവശപ്പെടുത്തുന്നതിന് ന്യായപ്രമാണങ്ങളെ വളച്ചൊടിച്ചും ഉപവാസത്തിന്റെ അന്ത:സത്ത നശിപ്പിച്ചും ശക്തന്മാരായ ഏലി, ഏലിശാ എന്നീ പ്രവാചകന്മാരുടെ സദുപദേശത്തെ അവഗണിച്ചും യഹോവയായ ദൈവത്തിന്റെ ആരാധനയുടെ സ്ഥാനത്ത് ബാൽ ആരാധന നടത്തിയും നികൃഷ്ട ജീവിതം നയിച്ച ഇസബേലിന്റെ പ്രവൃത്തി നിമിത്തം സംഭവിച്ച കെടുതികൾ എത്രമാത്രം ഭയാനകമായിരിക്കുന്നു!

# ധ്യാനപംക്തി

ഫാദർ തോമസ്. തേക്കിൽ

''ബാലന്റെ മേൽ കൈവയ്ക്കരുത്. അവനോട് ഒന്നും ചെയ്യരുത് നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിയ്ക്കായ്ക കൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു.'' ഉല്പത്തി 22:12

കാലകാലങ്ങളിൽ മനുഷ്യവർഗ്ഗത്തെ നവീനാശയങ്ങളിലേക്കും നവീനമാർഗ്ഗങ്ങളിലേക്കും നയിച്ച വിശ്വവിഖ്യാതരായ വ്യക്തികളെ കാണുവാൻ സാധിക്കും. അങ്ങനെ ഉള്ള ശ്രേഷ്ഠ വ്യക്തികളിൽ ഇസ്രായേൽ ചരിത്രത്തിൽ എന്നുമെന്നും മങ്ങാതെ പ്രശോഭിക്കുന്ന ഒരു ശ്രേഷ്ഠ വ്യക്തിയാണ് വിശ്വാസികളുടെ പിതാവായ അബ്രഹാം. അബ്രഹാമിന്റെ സ്വഭാവ വൈശിഷ്ട്യങ്ങളായ വിശ്വാസം, സ്നേഹം, അനുസരണം എന്നിവ നമ്മിൽ ഉരുവാകുവാനായി പരിശുദ്ധാത്മ നിറവിൽ നമുക്ക് ധ്യാനിക്കാം.

'അബ്രഹാം' എന്ന വാക്കിന്റെ അർത്ഥം 'അസംഖ്യം ജാതികളുടെ പിതാവ്' എന്നാണ്. സൃഷ്ടിപ്പിൽ ദൈവോദ്ദേശം ശിഥിലമാക്കിയ മനുഷ്യരുടെ പാപത്തിൽ നിന്നും നാശത്തിൽ നിന്നും അബ്രഹാമിന്റെ സന്തതിയെ മാത്രമല്ല മനുഷ്യ ജാതിയെ മുഴുവൻ വീണ്ടെടുക്കുന്നതിനുള്ള പദ്ധതി ദൈവം ആവിഷ്ക്കരിക്കുന്ന കഥ ഉല്പത്തി 12-ാം അദ്ധ്യായം മുതൽ ആരംഭിക്കുന്നതായി കാണാം. അബ്രഹാമിനെ വിളിച്ച് വേർതിരിച്ച് അവനെ സകലജാതികൾക്കും പിതാവായി നിയമിക്കുന്നു. വേദപുസ്തകത്തിലെ ദൈവശാസ്ത്രത്തിന്റെയും യഹൂദന്മാരുടെ രാഷ്ട്രീയ ചരിത്രത്തിന്റെയും പ്രതീകമായി അബ്രഹാമിന്റെ വ്യക്തിത്വം പ്രശോഭിക്കുന്നു. തന്നിൽ വിളങ്ങിയിരുന്ന അതിശ്രേഷ്ഠങ്ങളായ സ്വഭാവ വിശേഷങ്ങളായിരുന്നു വിശ്വാസം, സ്നേഹം, അനുസരണം. ഇവയാണ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടിയിരുന്നത്.

## 1 വിശ്വാസം

ദൈവത്തിന്റെ വിശ്വസ്തതയോടുള്ള മനുഷ്യന്റെ പ്രതിസ്പന്ദനമാണ് വിശ്വാസം. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. ഉല്പത്തി 15:6 അബ്രഹാം വിശ്വാസത്താലാണ് ദൈവത്തിന്റെ വാഗ്ദത്തം പ്രാപിച്ചത്. തന്റെ വിശ്വാസം പ്രതിഫലിപ്പിക്കുന്ന അനേക സംഭവങ്ങൾ ഉല്പത്തി പുസ്തകത്തിൽ കാണുവാൻ കഴിയും. 'നിന്റെ സ്വന്ത ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക' എന്ന യഹോവയുടെ അരുളപ്പാട് യാതൊരു സങ്കോചവും കൂടാതെ തന്നെ വിളിച്ചവൻ വിശ്വസ്തൻ എന്ന് എണ്ണിക്കൊണ്ട് അബ്രഹാം അനുസരിക്കുന്നു. തന്റെ ഏകജാതനെ ബലികഴിക്കുന്നതിനുള്ള നിർദ്ദേശവും വിശ്വസ്തതയോടുകൂടി താൻ ഭരമേൽക്കുന്നു. അബ്രഹാമിന് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പ്രതിഫലനമാണ് തന്റെ താഴ്മയോടുകൂടിയുള്ള അനുസരണം.

ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനുസരണക്കേടിനാൽ തന്റെ വലിയ പദവി നഷ്ടപ്പെടുത്തി പാപത്തിന് അടിമയായിത്തീർന്നു. എന്നാൽ സൃഷ്ടിയുടെ വീണ്ടെടുപ്പിന്റെ മഹത്തായ യത്നം അബ്രഹാമിന്റെ വിശ്വാസത്തിലൂടെയും, അനുസരണത്തിലൂടെയും ആരംഭിക്കുന്നു. യഹോവയിലുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷമായ ഒരു ലക്ഷണമായിരുന്നു താൻ നിയമിച്ച പരിച്ഛേദന എന്ന നിയമം.

യേശുക്രിസ്തു വിലുള്ള വിശ്വാസമാണ്. ക്രിസ്തീയ രക്ഷയുടെ മുഖ്യമായ ഘടകം. യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. Rom 10:9

## 2 സ്നേഹം

അബ്രഹാം ഹാരാനിൽ സമ്പന്നനായി ജീവിക്കുമ്പോഴാണ് യഹോവ തന്നെ വിളിച്ച് വേർതിരിക്കുന്നത്. സ്വന്തമായതിനെ ഉപേക്ഷിച്ച് പോകുക എന്നത് ഏവർക്കും പ്രയാസമേറിയ കാര്യമാണ്. എന്നാൽ അബ്രഹാം സ്വയത്തെക്കാളുപരിയായി ദൈവത്തെ സ്നേഹിച്ചു. അബ്രഹാമിന്റെ ദൈവസ്നേഹം അവനെ കാനാനിലേക്ക് നയിച്ചു. എന്നെക്കാളുപരിയായി അപ്പനെയോ, അമ്മയെയോ, മക്കളെയോ, സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല എന്ന് നമ്മുടെ കർത്താവും കല്പിക്കുന്നുണ്ട്. ലൗകികമായതിനെ നിസ്സാരമായി എണ്ണി ദൈവസ്നേഹത്തിൽ അനുദിനം വളരുന്നത് നമ്മുടെ സ്വർഗ്ഗീയ കനാനിലേക്കുള്ള യാത്രയുടെ ലക്ഷണമാണ്. തന്റെ ദൈവസ്നേഹം പരിപൂർണ്ണമായും പ്രത്യക്ഷപ്പെടുന്നത് യിസഹാക്കിനെ ബലികഴിക്കുന്നതിനുള്ള തീരുമാനത്തിലൂടെയാണ്. സമസൃഷ്ടങ്ങളെ സ്നേഹിക്കുന്നതിലൂടെയാണ് ദൈവസ്നേഹം പൂർണ്ണമായി തീരുന്നത്. അബ്രഹാമിന്റെ നിഷ്കളങ്കമായ ദൈവസ്നേഹം അദ്ദേഹത്തെ ദൈവത്തിന്റെ സ്നേഹിതൻ എന്ന പദവിക്ക് അർഹനാക്കിതീർത്തു. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സൽഗുണമാണ് സ്നേഹം.

# സാമൂഹിക പ്രതിബദ്ധത (തുടർച്ച)

## ജോഷ്വാ എബ്രഹാം കുന്നുംപുറത്ത്

വാക്കിലും നടപ്പിലും സ്നേഹത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് സാക്ഷിയായിരുപ്പാൻ വി. പൗലോസ് ശ്ലീഹാ ആജ്ഞാപിക്കുന്നു. വി. പത്രോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നത് ജാതികൾ നിങ്ങളുടെ നല്ല പ്രവർത്തികൾ കണ്ടിട്ട് സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടിയതിന് നിങ്ങളുടെ നടപ്പ് നന്നായിരിക്കണം (1 പത്രോസ് 2:12) ഇതെല്ലാം നാം ജീവിക്കുന്ന സമൂഹത്തോടുള്ള നമ്മുടെ കടപ്പാടിനെ എടുത്തുകാണിക്കുന്നു. അപ്പോസ്തോല കാലത്ത് ശാന്തനും സമാധാന പ്രിയന്യമായ അക്രൈസ്തവനെ ജനങ്ങൾ കണ്ടാൽ തീർച്ചയായും ഒരു ക്രിസ്ത്യാനിയെ കണ്ടുമുട്ടിയിട്ടുണ്ട് അതു കൊണ്ടാണ് നിങ്ങളുടെ മുഖത്തെ ഈ ഗുണവിശേഷങ്ങൾ കാണുന്നത് എന്നു പറയുമായിരുന്നു.

---

## 3 അനുസരണം

പ്രായോഗിക ജീവിതത്തിൽ വിശ്വാസം വെളിപ്പെടുന്നത് അനുസരണത്തിലൂടെയാണ്. ഇസഹാക്കിനെ ബലികഴിക്കുവാനുള്ള യഹോവയുടെ കല്പന താൻ നേരിടേണ്ടിവന്ന ഒരുവലിയ പരീക്ഷയായിരുന്നു. എന്നാൽ ഉദ്ദേശ ശുദ്ധിയോടു കൂടി തന്നെ ആ പിതാവ് ദൈവകല്പനയെ പൂർണ്ണമായും അനുസരിക്കുന്നു. ഇസഹാക്ക് മരണത്തിൽ നിന്നും രക്ഷിക്കപ്പെടുന്നു. അനുസരണം ശിക്ഷണ ബോധത്തിന്റെ ബാഹ്യമായ പ്രകടനമാണ്. കുടുംബ ജീവിതം ശിക്ഷണ ബോധം കൂടാതെ അസാദ്ധ്യമാണ് അബ്രഹാമിന്റെ ആത്മീയ ജീവിതവും കുടുംബ ജീവിതവും ദൈവത്തോടുള്ള പരിപൂർണ്ണമായ അനുസരണത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നു. അനുസരണം ബലിയേക്കാൾ ഉത്തമം എന്ന വാക്യം അബ്രഹാം തന്റെ ജീവിതത്തിൽ പ്രായോഗികമാക്കിത്തീർത്തു. ക്രിസ്തീയ ജീവിതം വിശ്വാസം, സ്നേഹം, അനുസരണം എന്നിവയിൽ കെട്ടപ്പെട്ടിട്ടുള്ളതാണ്. ദൈവവുമായിട്ടുള്ള ഒരുവന്റെ ബന്ധത്തിന്റെ അളവുകോലാണ് ഈ ത്രിവിധ ഗുണങ്ങൾ. അബ്രഹാമിന്റെ ജീവിതത്തെ ശ്രേഷ്ഠമാക്കിത്തീർത്തത് അവനിൽ വിളങ്ങിയിരുന്ന ഈ വിശിഷ്ഠ ഗുണങ്ങളായിരുന്നു. ഈ ഗുണങ്ങൾ നമ്മിൽ പരിലസിക്കുവാൻ ദൈവാത്മാവ് നമ്മിൽ ജ്വലിക്കട്ടെ.



സാമൂഹിക ജീവിയാണ് മനുഷ്യൻ. മനുഷ്യൻ സമൂഹമായിട്ട് ജീവിക്കുവാനുള്ള കഴിവ് ദൈവദത്തമാണ്. സ്നേഹം സഹോദര്യം വർഗ്ഗബോധം പങ്കുവയ്ക്കൽ കൂട്ടായ്മ തുടങ്ങിയവ ദൈവം മനുഷ്യനിൽ നിക്ഷേപിച്ച ദൈവിക വരങ്ങളാണ്. സാമൂഹിക ജീവിതം ലക്ഷ്യം വച്ചു കൊണ്ടാണ് ദൈവം ഈ പ്രത്യേകതകൾ മനുഷ്യന് നല്കിയത്.

ക്രിസ്തു ദൈവത്തെ പിതാവേ എന്നു വിളിച്ചു മനുഷ്യനെ സഹോദരാ എന്നും. മനുഷ്യനെയും ദൈവത്തെയും തമ്മിൽ നിരപ്പാക്കിയത് ക്രിസ്തുവാണ് ക്രിസ്തുവിന്റെ പ്രബോധനം ഉൾക്കൊള്ളുന്ന വ്യക്തി സമൂഹത്തിൽ ക്രിസ്തുവിനെപ്പോലെ പ്രതികരിക്കുവാൻ ബാദ്ധ്യസ്ഥനാണ്. മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം നിങ്ങൾ ഇച്ഛിക്കുന്നത് നിങ്ങൾ അവർക്ക് ചെയ്‌വീൻ (വി. മത്തായി 7:12) ഓരോരുത്തൻ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുവീൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം കൂടി നോക്കട്ടെ ക്രിസ്തുയേശുവിലുള്ള മനോഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലിപ്പിയർ 2:3-5

ക്രിസ്തു തന്റെ ജീവിതത്തിലൂടെ സമൂഹത്തോട് ഓരോ വ്യക്തിക്കും ഉള്ള കടപ്പാട് കാണിച്ചു തന്നിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയേയും ദൈവം പ്രത്യേകമായി വിളിച്ചിട്ടുണ്ട് ഇങ്ങനെ നമ്മെ പ്രത്യേകമായി വിളിച്ചു വേർതിരിച്ചതാണെങ്കിൽ നാം എന്തു ചെയ്യണം 'എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിൽ വസിക്കും. കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകില്ല.' (യോഹന്നാൻ 15:4) ദൈവം വസിച്ചതായ അനുഭവം ജീവിതത്തിലുണ്ടാകുമ്പോൾ നമുക്കും മാറ്റം ഉണ്ടാകും. അപ്പോൾ നമുക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റാൻ സാധിക്കുന്നു ഈ പുതിയ അനുഭവത്തിൽ ദൈവവും നമ്മളും ആയി ഒരു ഉടമ്പടി ഉണ്ടാകുന്നു പിന്നീടുള്ള നമ്മുടെ ജീവിതത്തിൽ ഈ ഉടമ്പടി പാലിക്കുവാൻ നാം നിർബന്ധിതരാകുന്നു. ഇതാണ് പിതാവിങ്കൽ എത്തി ചേരുവാനുള്ള ഏകമാർഗ്ഗം. അങ്ങനെ നാം ആയിത്തീരുമ്പോൾ വിളിച്ച വിളിക്ക് അനുസരണമായി നാം ജീവിക്കുന്നു. വിളിച്ചവനെ നോക്കുക; അവന്റെ ശബ്ദം കേൾക്കുക. അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുക എങ്കിൽ നമ്മുടെ ജീവിതം പൂർണ്ണ വിജയം പ്രാപിക്കും.

നമ്മുടെ സമൂഹത്തിൽ വിളിച്ചവന്റെ ശബ്ദം കേൾക്കുന്നവർ അനേകം എങ്കിലും അതനുസരിച്ച് ജീവിക്കുന്നവർ ഇല്ല. ഉദാസീനതയാണ് ഇതിനു കാരണം. നമ്മിലേക്ക് തന്നിരിക്കുന്ന ദൈവത്തിന്റെ ധനം വളരെയധികം ശ്രദ്ധയോടെ ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. ആ

നല്ല ഉപനിധി നിങ്ങളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊള്ളുക. 1 തിമോത്തി 1:14 നമ്മെ വിളിച്ച് വേർതിരിച്ചവനായ ദൈവം നമ്മിൽ തന്നിരിക്കുന്നതായ നിധി സൂക്ഷിച്ച് ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ ഇടയാകണം. എങ്കിൽ നമ്മുടെ പ്രവർത്തനം പൂർണ്ണം ആകും. മാത്രമല്ല ദൈവത്തെ സന്തോഷിപ്പിക്കുന്ന മക്കളായിതീരുവാൻ നമുക്ക് കഴിയും.

ദൈവീക നൽവരങ്ങൾ പ്രാപിച്ചവരായ നാം അതിനെ ഒരിക്കലും നഷ്ടപ്പെടുത്തുന്നവർ ആകരുത്. സത്യത്തിന്റെ തൂണും അടിസ്ഥാനവും നമ്മൾ ആയിത്തീരണം. ദൈവം ജഡത്തിൽ വെളിപ്പെടുകയും ദൂതന്മാർക്ക് പ്രത്യക്ഷനാവുകയും ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും തേജസ്സിൽ എടുക്കപ്പെടുകയും ചെയ്തു. എന്ന് പരി. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു. നല്ല മനസാക്ഷിയുള്ളവനായി സമൂഹത്തിൽ ജീവിക്കുക. സമൂഹത്തിൽ ജീവിക്കുമ്പോൾ സമൂഹത്തിലെ തിന്മയ്ക്ക് എതിരെ നാം പോരാടണം. നന്മയും തിന്മയും തമ്മിലാണ് യുദ്ധം. ഇന്നത്തെ സമൂഹത്തിൽ നിന്ന് നഷ്ടപ്പെട്ട ഒരു വസ്തുവാണ് സാമൂഹ്യ നീതി. ഏതു മേഖലയിലും ആവശ്യം വേണ്ട വസ്തുതയാണ് ഇതെങ്കിലും ഇന്ന് ഇത് ഇല്ലാതായി തീർന്നിരിക്കുന്നു.

ആദി ശതകങ്ങളിൽ ധാരാളം ക്രിസ്ത്യാനികൾ സാമൂഹ്യ നീതിക്കുവേണ്ടി ശബ്ദം ഉയർത്തിയിരുന്നു. അതിന് ഒരു ഉദാഹരണം ആണ് കോൺസ്റ്റാന്റിനോപ്പിളിലെ ബിഷപ്പായിരുന്ന ജോൺ ക്രിസോസ്റ്റം. അദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ആഹ്വാനം സദാ മുഴങ്ങികേട്ടിരുന്നു. സമൂഹത്തിലെ തിന്മകളും അനീതികളും അവസാനിപ്പിക്കുന്നതിൽ അദ്ദേഹം കേന്ദ്രീകരിച്ചു. ക്രിസോസ്റ്റത്തിന്റെ പ്രതിഭ മുഴുവൻ ചെലവഴിക്കപ്പെട്ടിരുന്നത് ദരിദ്രരെ സേവിക്കുന്നതിനാണ്. നന്മചെയ്യുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ളത് ''എന്തെങ്കിലും നന്മ നിങ്ങൾ ചെയ്താൽ എന്നോടോ മററുള്ളവരോടോ അഭിനന്ദനം ആവശ്യപ്പെടരുത്. ദൈവം ആയിരിക്കട്ടെ നിങ്ങളുടെ കടക്കാരൻ. ചന്തസ്ഥലത്തു വച്ച് ആരെങ്കിലും അപമാനിക്കപ്പെടുന്നതോ തല്ലുകൊള്ളുന്നതോ നിങ്ങളുടെ കണ്ണിൽപ്പെട്ടാൽ പണം കൊടുത്ത് ആദുരന്തം ഒഴിവാക്കാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യുക. നമ്മൾ ഉദാസീനരാകരുത്. എന്ത്? ഒരു കരടിയാണോ തല്ലുകൂടുന്നത്? ഒരു വന്യമൃഗം? ഒരു സർപ്പം? ഒരു മനുഷ്യനല്ലേ? എല്ലാവിധത്തിലും നിങ്ങളോട് കൂട്ടായ്മയുള്ള ഒരുവൻ? ഒരു സഹോദരൻ? ഒരംഗം?'' ഇങ്ങനത്തെ മനസ്ഥിതിയുള്ളവർ നമ്മുടെ സമൂഹത്തിൽ കാണാൻ പോലുമില്ല. ഇന്നത്തെ നമ്മുടെ സമൂ



ഹം നല്ല നിലയിൽ ആകണമെങ്കിൽ ഒരു ജോൺ ക്രിസോസ്റ്റം ഇവിടെ ഉണ്ടാകണം. എന്തുകൊണ്ട് അത് നാം ആയികൂടാ എന്നു ചിന്തിക്കുന്നത് വളരെ നല്ല കാര്യമാണ്.

മാനവ ചരിത്രത്തിൽ അനുഭവപ്പെടുന്ന ഒരു യാഥാർത്ഥ്യമാണ് തിന്മ. തിന്മയുടെ ശക്തി അഥവാ സാത്താൻ നന്മയെ തളർത്തുവാൻ വളരെയധികം ശ്രമിക്കുന്നു. നമ്മുടെ കർത്താവിന്റെ പ്രബോധനങ്ങളിൽ കൂടി നമ്മെ ഓർപ്പിക്കുന്ന ഒരു വസ്തുതയാണ് എപ്പോഴും നമുക്ക് തിന്മയോടെ പോരാട്ടം ഉണ്ട് എന്നുള്ളത് ഒരു ക്രിസ്ത്യാനിയുടെ പ്രത്യേകമായി സഭയുടെ പൊതുവായുള്ള പ്രാഥമിക ചുമതല ഈ ലോകത്തിന്റെ തിന്മയോടെ അനുരൂപപ്പെടാതിരിക്കുക, അന്ധകാരത്തിന്റെ നിഷ്ഫല പ്രവർത്തികളോട് ഉള്ള സംഘിതം അവസാനിപ്പിക്കുക. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ മേൽ ഈ ലോകത്തിന്റെ ഒരു ശക്തിക്കും അധികാരമില്ല. ഒരു ക്രിസ്ത്യാനിക്ക് തിന്മയെ ജയിക്കണമെങ്കിൽ എന്തു ചെയ്യണം എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നു.

തീയതിനെ വെറുത്തു നല്ലതിനോട് പററി കൊൾവിൻ റോമർ 12:9 റോമർക്ക് എഴുതിയ ലേഖനം 12-ാം അദ്ധ്യായം നമ്മെ ഓർപ്പിക്കുന്ന ഒററ വസ്തുത വിശുദ്ധരായിരിക്കുവിൻ എന്നുള്ളതാണ്. ഇങ്ങനെ വിശുദ്ധിയുള്ളവർ ആകണമെങ്കിൽ നാം എന്തു ചെയ്യണം എന്നും ഈ അദ്ധ്യായം പഠിപ്പിക്കുന്നു വി. വേദപുസ്തകം പരിശോധിച്ചാൽ ആദിയോടന്തം തിന്മയ്ക്ക് എതിരെയുള്ള മുറവിളിയാണ് കാണുന്നത്. ആമോസ് പ്രവാചകൻ ഇപ്രകാരം പറയുന്നു: നിങ്ങൾ തിന്മ ദ്വേഷിച്ചു നന്മ ഇച്ഛിക്കുവിൻ (ആമോസ് 5:5) സാമൂഹ്യ നീതിയുടെ പ്രവാചകനായിട്ടാണ് ആമോസിനെ ചിത്രീകരിച്ചിരിക്കുന്നത്. അനീതിയാൽ ചീഞ്ഞുനാറിയ ഇസ്രയേൽ ജനതയെ ഉദ്ധരിക്കുവാനാണ് ദൈവം ആമോസിനെ നിയോഗിച്ചത് എന്നു കാണാൻ കഴിയും.

യെറുശലേം ദൈവാലയത്തിലെ തെററായ നടപടികളിൽ നമ്മുടെ കർത്താവിന്റെ കോപം ജ്വലിച്ചു. അവ നിർമ്മാർജ്ജനം ചെയ്യാൻ ആവശ്യമായ കാര്യങ്ങൾ ഉടൻ ചെയ്തു. അത്തരം ധീരത ഒരു ക്രിസ്ത്യാനിക്ക് ഉണ്ടായിരിക്കണം പല രാജ്യങ്ങളിലും ഉന്നത ശ്രേണിയിലുള്ളവർ തൊഴിലാളികളെയും പാവപ്പെട്ടവരെയും ചൂഷണം ചെയ്യുന്നു. ഈ ഉന്നതന്മാരിൽ നല്ല പങ്കും ക്രിസ്ത്യാനികളാണ് എന്നുള്ളത് സങ്കടകരമായ ഒരു വസ്തുതയാണ്. നമ്മുടെ സഹോദരങ്ങളെയാണ് ചൂഷണത്തിന് വിധേയനാക്കുന്നത് എന്ന ബോധം നമുക്ക് ഇല്ലാത്തതിനാലാണ് ഇങ്ങനെ ചെയ്യാൻ നാം ശ്രമിക്കുന്നത്.

ക്രിസ്തു നമ്മെ പഠിപ്പിച്ചത് ഏവരേയും സഹോദരങ്ങളായി കാണാനാണ്. അവിടെ ജാതിയില്ല മതമില്ല വർഗ്ഗമില്ല നിറമില്ല ഏത് അവസ്ഥയിൽ നിന്നുള്ളവനാണെങ്കിലും അവനെ സഹോദരനായി കാണുന്നതാണ് ക്രിസ്തീയ സ്നേഹം.

ക്രിസ്ത്യാനിയുടെ ഏക ആയുധം നന്മയാണ് പ്രഥമവും പ്രധാനവുമായുള്ള ലക്ഷ്യവും മാർഗ്ഗവും നന്മയാണ്. അത് സ്വമേധയായുള്ള ത്യാഗത്താൽ കവിഞ്ഞൊഴുകുന്ന നന്മയത്രേ. തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക: (റോമർ 12:21) തിന്മയെ നേരിടുന്നതിന് ഒരു ക്രിസ്ത്യാനി ഒരിക്കലും തിന്മയിൽ ആശ്രയിക്കുകയില്ല. ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന് വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പീൻ. (1 പത്രോ.3:9) ആത്മീക സർവ്വായുധ വർഗ്ഗം ധരിച്ചിരിക്കുന്നവന് വിശ്വാസമെന്ന പരിച രക്ഷയെന്ന ശിരസ്ത്രം ആത്മാവിൻ വാൾ സത്യമെന്ന അരക്കച്ച നീതിയാകുന്ന കവചം ആത്മവിശ്വാസത്തോടുകൂടിയ തിന്മയോടുള്ള യുദ്ധക്കളത്തിൽ നമുക്കു പ്രവേശിക്കാം.

മുൻപ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ക്രിസ്ത്യാനി അവന്റെ ജീവിതത്തിൽ പകർത്തുകയാണെങ്കിൽ അവൻ മററുള്ളവർക്ക് മാതൃകായോഗ്യനായിതീരും എന്നും പൗലോസ് ശ്ലീഹാ നമ്മെ ഓർപ്പിക്കുന്നു. റോമർ 12:17,18 വാക്യങ്ങളിൽ കൂടി നമുക്ക് ഇതു മനസ്സിലാക്കാൻ സാധിക്കും. എല്ലാവരുമായി സമാധാനമാചരിച്ച് തീയ്തിനെ വെറുത്ത് നന്മയാൽ തിന്മയെ നമുക്ക് ജയിക്കുവാൻ സാധിക്കണം. ഇന്നത്തെ നമ്മുടെ സമൂഹത്തിൽ മററുള്ളവരെ മാതൃകയാക്കാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് ക്രിസ്തുവായിരിക്കട്ടെ നമ്മുടെ മാതൃകാ പുരുഷൻ. ആദിമ കാലത്ത് തിന്മയോട് വിജയകരമായി പോരാടിയ ധാരാളം പിതാക്കന്മാരെ കുറിച്ച് ചരിത്ര പുസ്തകങ്ങളിൽ നാം വായിച്ചിട്ടുണ്ട്. ഉദാഹരണമായി കുസ്തന്തിനോസ് പോലീസിലെ രാജാവിനെയും രാജ്ഞിയേയും നിശിതമായി വിമർശിച്ച സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് ബ്രസീലിലെ വലിയ ഭദ്രാസന ദേവാലയം ഉപേക്ഷിച്ച് ആ തുകകൊണ്ട് പാവങ്ങൾക്ക് അഥവാ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നിർമ്മിച്ചുകൊടുത്ത ബിഷപ്പ് നാഥൻ. ഇങ്ങനെ അനേകർ.

ഇന്നും അനാഥരുടെയും സാമൂഹ്യമായി തള്ളപ്പെട്ടവരുടെയും ഇടയിൽ അനേകർ പ്രവർത്തിക്കുന്നു. കൽക്കട്ടായിലെ അനാഥരുടെ കൂടെ ജീവിതത്തിന്റെ ഏറിയ പങ്കും ചിലവഴിച്ചുകൊണ്ടിരിക്കുന്ന മദർ തെരേസ ഇതിന് ഒരു ഉദാഹരണമാണ്. ദൈവവേലയ്ക്ക് ഇന്നും അനേകരെ യേശുക്രിസ്തു വിളിക്കുന്നു. പക്ഷേ വിളികേൾക്കുവാൻ നാം തയ്യാറാണോ? എങ്കിൽ അവൻ നമ്മെ വഴിനടത്തും എന്നുള്ള ഉറച്ച വിശ്വാസത്തോടെ അവനെ അനുഗമിക്കുക. കർത്താവ് നൽകുന്ന ഏതു കഷ്ടതയും സന്തോഷത്തോടെ സഹിക്കുവാൻ നമുക്ക് തയ്യാറാകാം.



# സുപ്രിം കോടതി വിധി പഠനങ്ങൾ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

1995 ജൂൺ 20-നുള്ള സുപ്രിം കോടതിയുടെ ഭൂരിപക്ഷ വിധിയുടെ പ്രാധാന്യത്തെ സംബന്ധിച്ചും ഉടനെ ചെയ്യേണ്ടിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചും വ്യക്തിപരമായ ചില നിരീക്ഷണങ്ങൾ താഴെപ്പറയും പ്രകാരം കൂട്ടിച്ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

## സുപ്രിം കോടതി വിധി

1 ഈ വിധിപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭ ഭാഗമായിട്ടുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനാകുന്നു. ഇത് മലങ്കര സഭയുടെ ഭരണഘടനയിൽ അംഗീകരിച്ചിട്ടുള്ളതും അതിനെക്കുറിച്ച് തർക്കമില്ലാത്തതുമാകുന്നു. എന്നാൽ പാത്രിയർക്കീസിന് സ്ഥാനബഹുമാനങ്ങൾക്കപ്പുറമായി കാതോലിക്കോസിനുമേൽ അധികാരമോ മേൽസ്ഥാനീയതയോ ഇല്ല. അവരുടെ അധികാരപരിധികൾ വളരെ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുള്ളതും ഒരാൾക്ക് മററൊരാളുടെ അധികാരപരിധിയിൽ ഇടപെടുവാൻ അവകാശമില്ലാത്തതുമാകുന്നു.

2 1912-ലെ കാതോലിക്കാ പുനഃസ്ഥാപനം സാഹചര്യങ്ങളിൽ കാര്യമായ ഒരു വ്യതിയാനം ഉണ്ടാക്കയിട്ടുണ്ട്. പ. മൂറോൻ കൂദാശ ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും പാത്രിയർക്കീസിൽ നിന്ന് കാതോലിക്കായിലേക്ക് മാററപ്പെട്ടു. തന്നിമിത്തം കാതോലിക്കോസിന്റെ അനുവാദത്തോടും മലങ്കരസഭാ അസോസിയേഷന്റെ സഹകരണത്തോടും 1934-ലെ ഭരണഘടനയ്ക്കനുസൃതമായും മാത്രമേ പാത്രിയർക്കീസിനു മലങ്കരയിൽ തന്റെ അധികാരങ്ങൾ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

3 കാതോലിക്കോസിന്റെ മരണമോ വിരമിക്കലോ ഉണ്ടാകുമ്പോൾ ഒരു പുതിയ കാതോലിക്കോസിനെ തിരഞ്ഞെടുക്കുവാനും വാഴിക്കാനുമുള്ള പൂർണ്ണമായ അവകാശം മലങ്കര സഭയിലെ മേൽപ്പട്ടക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ട് കാതോലിക്കോസ്, മെത്രാപ്പോലീത്തന്മാർ, ബിഷപ്പുമാർ, എന്നിവരുടെ തിരഞ്ഞെടുപ്പ്, വാഴിക്കൽ (സ്ഥാനാരോഹണം) എന്നിവയ്ക്ക് മററുള്ളവരെ ആശ്രയിക്കുന്നതിൽ നിന്നും മലങ്കര സഭ പൂർണ്ണമായി സ്വതന്ത്രമായിരിക്കുന്നു.

4 മലങ്കര സഭയുടെ ഭരണഘടന മലങ്കരസഭയിലെ എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മുൻ പാത്രിയർക്കീസ് വിഭാഗത്തിന് കൂടിയും പൂർണ്ണമായും ബാധകമാണ്. മലങ്കര സഭയുടെ ഭരണകാര്യങ്ങളെ സംബന്ധിച്ചിടത്തോളം പാത്രിയർക്കീസിനും ഈ ഭരണഘടന ബാധകമാണ്.

5 ഇഗ്നാത്തിയോസ് യാക്കൂബ് പാത്രിയർക്കീസ് 1958 ഡിസം. 9-ലെ കല്പനപ്രകാരം ബസേലിയോസ് ഗീവറുഗീസ് കാതോലിക്കോസിനെ അംഗീകരിക്കുക വഴി തന്റെ മുൻഗാമിയായ അബ്ദുൽ മ്ശിഹാ പാത്രിയർക്കീസിനാൽ 1912-ൽ എല്ലാ പാത്രിയർക്കാ അധികാരങ്ങളോടും കൂടി. ഭാരതത്തിൽ സ്ഥാപിച്ച കാതോലിക്കേറ്റിന്റെ സാധുതയെ അംഗീകരിക്കുകയാണ് ചെയ്തത്. അതിനുശേഷം അദ്ദേഹത്തിന് കാതോലിക്കോസിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ സാദ്ധ്യമല്ല. പാത്രിയർക്കീസ് കാതോലിക്കോസിനു മുകളിലുള്ള ഒരധികാരിയല്ല. മലങ്കരസഭയുമായുള്ള ബന്ധത്തിൽ ഭരണഘടനാനുസൃതമായ അവകാശങ്ങൾ മാത്രമേ അദ്ദേഹത്തിനുള്ളൂ.

6 ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ് ഭരണഘടനാനുസൃതമായി മാത്രം അന്ത്യോഖ്യാ പാത്രിയർക്കീസിനെ സ്വീകരിക്കുക വഴി പാത്രിയർക്കീസ് ഭരണഘടനയ്ക്ക് വിധേയനായിത്തീരുകയും അതുപ്രകാരം മലങ്കര സഭയിലെ ബിഷപ്പുമാർ ഔഗേൻ കാതോലിക്കോസിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കാൻ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുകയും ചെയ്തു. അതിനുശേഷം മലങ്കര സഭയുടെ ഭരണഘടനയെ ഏകപക്ഷീതമായി നിരാകരിക്കുവാനോ അതിന്റെ വകുപ്പുകളെ ലംഘിക്കുവാനോ കഴിയുകയില്ല.

7 കാതോലിക്കായെ പാത്രിയർക്കീസ് മുടക്കിയത് കാതോലിക്കാക്കെതിരായ പരാതികളും ആരോപണങ്ങളും സംബന്ധിച്ച ഭരണഘടനാവകുപ്പുകളുടെ പ്രകടമായ ലംഘനമാണ്. അതിനു നിദാനമായി പാത്രിയർക്കീസ് മുന്നോട്ടു വച്ച കാരണങ്ങൾ സാധുതയുള്ളവയല്ല. ഒരു കാതോലിക്കോസിനെ മുടക്കുവാൻ സഭയുടെ ഒരു കാനോനും പാത്രിയർക്കീസിന് അധികാരം നല്കുന്നില്ല. പ്രസ്തുത മുടക്ക് സാധുവോ നിയമപരമോ അല്ലെന്നു കോടതി പ്രഖ്യാപിച്ചു (പുറം. 61)

8 കാതോലിക്കോസിന്റെ പ്രകടവും വ്യക്തവുമായ എതിർപ്പുണ്ടായിരുന്നിട്ടും മലങ്കര സഭയ്ക്കുവേണ്ടി കാതോലിക്കോസ്, മെത്രാപ്പോലീത്തന്മാർ, ബിഷപ്പുമാർ എന്നിവരെ വാഴിച്ച പാത്രിയർക്കീസിന്റെ നടപടി ഭരണഘടനയുടെ ലംഘനമാണ്. പ്രസ്തുത നടപടിക്ക് സാധുതയുമില്ല.

9 1971 ജനുവരി 1-ാം തീയതി അതായത് 1970 ഡിസംബർ 31-ാം തീയതി മാത്യൂസ് മാർ അത്താനാസിയോസിനെ കാതോലിക്കയായി മലങ്കര അസോസിയേഷൻ തിരഞ്ഞെടുത്തതിന്റെ പിറ്റേ ദിവസം നിലനിന്ന സാഹചര്യം ഇന്നത്തെ സാഹചര്യമായി എല്ലാ പ്രകാരേണയും നിരൂപിക്കേണ്ടതും അനുരഞ്ജനത്തിനും യോജിപ്പിനും വേണ്ടിയുള്ള എല്ലാചർച്ചകളുടെ ആരംഭം ആ സാഹചര്യത്തിൽ നിന്നായിരിക്കണം. പ്രസ്തുത തീയതിക്കു പിറകിലേക്കു പോകുന്ന പ്രശ്നമേ ഇല്ല.



10 1934-ലെ ഭരണഘടനയ്ക്കു വിപരീതമായി ഒരു പാത്രിയർക്കീസിനോ ബിഷപ്പിനോ മററു സ്ഥാനിയ്ക്കോ മലങ്കരസഭയിൽ ഒരു അധികാരവും ഉപയോഗിക്കുവാൻ സാദ്ധ്യമല്ല ഭരണഘടനയ്ക്കു പുറത്തുള്ള ഏതൊരു വാഴിക്കലും വൈദികപട്ടം നല്കലും മലങ്കര സഭയിൽ പ്രസക്തിയുള്ളവയല്ല. പാത്രിയർക്കീസിനാലോ അദ്ദേഹത്തിന്റെ പ്രതിപുരുഷനാലോ അനധികൃതമായി വാഴിക്കപ്പെട്ട കാതോലിക്കോസിനോ മെത്രാപ്പോലീത്തന്മാർക്കോ മലങ്കര സഭയിൽ യാതൊരധികാരവുമില്ല.

11 മലങ്കര സഭയിൽ ഒരേ ഒരു അധികാരി മാത്രമേയുള്ളൂ. കാലാകാലങ്ങളിൽ അനുയോജ്യമാംവിധം ഭേദഗതി ചെയ്യപ്പെട്ട 1934-ലെ ഭരണഘടനയുടെ ക്രമപ്രകാരം കാതോലിക്കോസിന്റെ അനുവാദത്തോടും സഹകരണത്തോടും മലങ്കരഭരണഘടനാനുസൃതമായതും മാത്രമേ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ പ്രവർത്തിക്കാനാവൂ.

## സ്ത്രീകളുടെ പങ്കാളിത്തം

12 കോടതി ആവശ്യപ്പെട്ടിട്ടുള്ള ചില ഭേദഗതികൾ ദൂരവ്യാപക സ്വഭാവമുള്ളതും ഇരുവിഭാഗക്കാർക്കും ഒരു ധാരണയിലെത്താൻ ബുദ്ധിമുട്ടുള്ളതുമായേക്കാം. പ്രയാസകരമായ ചില ചുവടുവയ്പുകൾ, പ്രശ്നങ്ങൾ, സമീപനങ്ങൾ എന്നിവ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം.

a) ഇപ്പോൾ പ്രായപൂർത്തിയായ പുരുഷന്മാർ മാത്രമേ അസോസിയേഷന്റെയും അസോസിയേഷൻ മാനേജിംഗ് കമ്മിററിയുടെയും ഇടവകപ്പൊതുയോഗത്തിന്റെയും അതിന്റെ മാനേജിംഗ് കമ്മററിയുടെയും അംഗങ്ങളാകാറുള്ളൂ. പുരുഷന്മാരോടൊപ്പം സഭാംഗത്വ യോഗ്യതയുള്ള എല്ലാ പ്രായപൂർത്തിയെത്തിയ സ്ത്രീകൾക്കും പൂർണ്ണ വോട്ടവകാശവും പൂർണ്ണ പ്രാതിനിധ്യാവകാശവും കൊടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള മലങ്കര സഭയുടെ വീക്ഷണം എപ്പോഴും ഐകകണ്ഠ്യേന ഉള്ളതാവാൻ സാധ്യതയില്ല. എപ്പോഴൊക്കെ സ്ത്രീകളുടെ പ്രായപൂർത്തി വോട്ടവകാശ പ്രശ്നം സുന്നഹദോസിന്റെ മുമ്പിൽ വന്നിട്ടുണ്ടോ; അപ്പോഴൊക്കെ സുപ്രീം കോടതി വിധിയുടെ പേരിൽ അത് മാററിവെയ്ക്കപ്പെടുകയായിരുന്നു. ഇപ്പോൾ സുപ്രീം കോടതി തന്നെ സ്ത്രീകൾക്ക് പ്രസ്തുത അവകാശങ്ങൾ നിർദ്ദേശിച്ചിരിക്കയാൽ, സഭ അവ സ്ത്രീകൾക്ക് നിരാകരിക്കുന്നത് ബുദ്ധിയ്ക്ക് നിരക്കാത്തതും അനീതിയുമാണ്. സഭയുടെ ആദിമനൂററാണ്ടുകളിൽ ജീവകാരുണ്യം, ആത്മീയ പ്രബലീകരണം, രോഗികൾ, വൃദ്ധ ജനങ്ങൾ, അനാഥർ, ദുർബലർ എന്നിവർക്കു വേണ്ടിയുള്ള ഇടയ പരിചരണം, പ്രാർത്ഥന, മദ്ധ്യസ്ഥത എന്നിവയുടെ കാര്യകർതൃത്വം സഭാ വസ്തുക്കളുടെ സംരക്ഷണം എന്നീ മേഖലകളിൽ പ്രധാന ചുമതലകൾ സ്ത്രീകൾ വഹിച്ചിരുന്നു.

മലങ്കര അസോസിയേഷനിലേക്കും മററ് ഘടകങ്ങളിലേക്കുമുള്ള പ്രാതിനിധ്യ വ്യവസ്ഥ ഇപ്പോളത്തെ നിലയിൽ നീതിയുക്തമോ, ജനാധിപത്യപരമോ ആയതല്ല എന്ന നിഗമനത്തിന് ഭൂരിപക്ഷ വിധി ഊന്നൽ നൽകുന്നുണ്ട്.

## പ്രാതിനിധ്യ സ്വഭാവം

b) അസ്സോസിയേഷൻ പ്രാതിനിധ്യ സ്വഭാവമുള്ള ഒരു സമിതി ആയിരിക്കണം. ഇടവകയുടേതല്ല മറിച്ച് ജനങ്ങളുടേത് - സഭയിലെ പുരുഷന്മാരുടെയും - സ്ത്രീകളുടേയും ആയതിനാൽ ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വികാരിയും രണ്ട് പുരുഷന്മാരും എന്ന തത്വം നിലനിൽക്കുന്നതല്ല. എന്നാൽ ഇന്നത്തെ ജനസംഖ്യാനുപാതത്തിന് ഊന്നൽ കൊടുത്തുള്ള നിർദ്ദേശമാണ് ആവശ്യം. എന്നാൽ അതുകൊണ്ട് അസ്സോസിയേഷൻ ഒതുക്കമില്ലാത്തതും നിയന്ത്രിക്കുവാൻ ബുദ്ധിമുട്ടുള്ളതുമാവാൻ പാടുള്ളതല്ല. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഇടവകകളില്ലാതെ മററൊരിടത്തല്ല ജനങ്ങളെ യഥാർത്ഥമായി കാണുന്നത് എന്നുള്ളതും പ്രത്യേകം ഓർമ്മിക്കേണ്ടതുമാണ്. രണ്ടു വ്യത്യസ്ത അസ്തിത്വം ഉള്ള ഘടകങ്ങളായി ഇടവകകളേയും ജനങ്ങളേയും വേർതിരിക്കപ്പെടുന്നത് സാധുത ഇല്ലാത്തതാണ്. ഇടവകയിലെ ജനസംഖ്യാനുസൃതമായ മതിയായ പ്രാതിനിധ്യം എന്ന പ്രശ്നം തികച്ചും ന്യായയുക്തമാണ്. എന്നാൽ അസോസിയേഷനിലേക്കുള്ള തിരഞ്ഞെടുപ്പിനുവേണ്ടി ഇടവകയെന്ന അടിസ്ഥാന ഘടനയിൽ നിന്ന് നീങ്ങുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കും.

c) മുഴുവൻ സഭയെയും ഉൾക്കൊള്ളുന്ന ഒരു വോട്ടേഴ്സ് ലിസ്ററും പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും, സ്ത്രീകൾക്കും കൈമാററം ചെയ്യപ്പെടാനാവാത്ത 'ഒററ വോട്ടും' ഉള്ള ഒരു പൂർണ്ണ തെരഞ്ഞെടുപ്പ് സംവിധാനമാണ് ഉണ്ടാവേണ്ടത്. ഇപ്പോഴത്തെ നിലയിൽ സാധ്യത ഇപ്പോഴെങ്കിലും ദീർഘകാല ലക്ഷ്യമായി പരിഗണിക്കാവുന്നതാണ്.

### ഇടവക പള്ളികളെ മൂന്നു ഗ്രേഡുകളായി തരംതിരിക്കുന്നതിനെക്കുറിച്ച് ഒരു ധാരണ ഉണ്ടാക്കുക എന്നുള്ളതാണ് മററൊരു സാധ്യത.

1 പ്രായപൂർത്തിയായ 500-ൽ താഴെ പുരുഷന്മാരും, സ്ത്രീകളും ഉള്ളവ-വികാരിയും തെരഞ്ഞെടുക്കപ്പെട്ട ഒരംഗവും പ്രതിനിധീകരിക്കുക.

2 പ്രായപൂർത്തിയായ 500നും 2000-ത്തിനുമിടയിൽ സ്ത്രീകളും പുരുഷന്മാരും ഉള്ളവ-വികാരിയും 2 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പ്രതിനിധീകരിക്കുക.

3 പ്രായപൂർത്തിയായ 2000-ത്തിലധികം പുരുഷന്മാരും സ്ത്രീകളും ഉള്ളവ-വികാരിയും തെരഞ്ഞെടുക്കപ്പെട്ട നാലംഗങ്ങളും പ്രതിനിധീകരിക്കുക.



ഇത് അസോസിയേഷൻ പ്രതിനിധികളുടെ എണ്ണം 3000 എന്ന സംഖ്യയിൽ നിർത്താൻ സഹായിക്കുന്നതും താരതമ്യേന അംഗസംഖ്യ കുറഞ്ഞ പള്ളികളുടെ പ്രാതിനിധ്യം കുറയ്ക്കുന്നതും അംഗസംഖ്യ കൂടിയ പള്ളികളുടെ പ്രാതിനിധ്യം പ്രകടമായി വർദ്ധിപ്പിയ്ക്കുന്നതുമാണ്. ഈ നിർദ്ദേശങ്ങൾ ജനങ്ങളും അധികാരികളും ശ്രദ്ധാപൂർവ്വം പരിഗണിക്കുകയും നിശ്ചയദാർഢ്യത്തോടും ത്വരിതഗതിയിലും ഒരു ഏകാഭിപ്രായം സൃഷ്ടിക്കേണ്ടതുമാണ്.

## അനുരഞ്ജനത്തിന്റെ ആത്മാവ്

13 ഒരിടവകയിൽ സുപ്രീം കോടതി വിധിയനുസരിച്ച് പ്രവർത്തിക്കുന്നതിന് വിസമ്മതിക്കുന്നവരെക്കുറിച്ച് ഇടവകകളെന്തു ചെയ്യണം എന്നത് സാധാരണയായി ഉന്നയിക്കപ്പെടുന്ന ഒരു ചോദ്യമാണ്. അവരെ (വിഘടിതരെ) നിർബന്ധിക്കുവാൻ നിയമനടപടികൾ എടുക്കണമോ. രണ്ടു വശങ്ങളുള്ള ഉത്തരമാണ് ഇതിനുള്ളത്.

a) പരമാവധി ആത്മനിയന്ത്രണം പാലിക്കണമെന്ന് മാത്രമല്ല. സാദ്ധ്യമായ എല്ലായിടത്തും സമൂഹത്തിലെ ഉന്നതരായ വ്യക്തികളുടെ സ്വാധീനമുപയോഗിച്ച് ഭരണഘടനാനുസൃതമായ അനുരഞ്ജനത്തിന് യഥാർത്ഥ തദ്ദേശീയ ശ്രമങ്ങൾ നടത്തണം. സഭാ ഭരണഘടനയ്ക്കു പുറത്തുള്ള ഒത്തുതീർപ്പിനു സമ്മതിക്കണമെന്നു ആരും ആവശ്യപ്പെടുന്നില്ല. ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള അനുരഞ്ജനത്തിനും സമാധാനത്തിനും പ്രേരിപ്പിക്കണമെന്ന് മാത്രമേ എല്ലാവരോടും ആവശ്യപ്പെടുന്നുള്ളു.

b) അതേ സമയം തന്നെ വിഘടിതർക്കെതിരായി തദ്ദേശയമായി എടുക്കേണ്ട നിയമ നടപടികളുടെ ഒരു രജിസ്ററർ ഓരോ ഭദ്രാസനത്തിലും സമാഹരിക്കണം. ഈ രാജ്യത്തെ പരമോന്നത നീതിന്യായപീഠത്തിന്റെ തീർപ്പുകൾ ശ്രദ്ധിക്കുവാൻ വിസമ്മതിക്കുന്നവരെയും നിയമവിരുദ്ധമായി സ്വത്തുക്കളും അധികാരങ്ങളും കൈവശമാക്കുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ ഭദ്രാസനതലത്തിൽ സൂക്ഷിക്കുകയും വേണം. 1970 നു ശേഷം നിയമവിരുദ്ധമായി പട്ടം കെട്ടപ്പെട്ട എല്ലാ പട്ടക്കാരുടെയും, മേൽപട്ടക്കാരുടെയും ഒരു ലിസ്ററു ഉണ്ടാകണം. ഈ വസ്തുതകൾ സുപ്രീം കോടതിയിൽ സമർപ്പിക്കയും എങ്ങനെ മുമ്പോട്ടു പോകണം എന്നതിന് കോടതിയുടെ ഉപദേശം ആരായുകയും വേണം. സുപ്രീം കോടതി വിധി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെൻറിന്റെയും, സംസ്ഥാന ഗവൺമെൻറിന്റെയും സഹായം തേടണം. ഇന്ത്യൻ പൗരന്മാരെന്നനിലയിൽ സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ പ്രതികരണങ്ങളും അനുസരിച്ച് നീതിന്യായ കോടതികളിലൂടെയും നിയമപാലകരിലൂടെയും നീതി ലഭിക്കുന്നതിനു വേണ്ടി നിയമത്തിന്റെ പാതയിലൂടെ

# ഭദ്രാസന വാർത്തകൾ

## പുസ്തക പ്രകാശനം

ചെങ്ങന്നൂർ: ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച ''സ്നേഹയാത്രികന്റെ ആത്മരേഖ'' എന്ന കൃതി പ്രൊഫ. വി. ഐ. ജോസഫിന് നൽകി ഡോ. കെ. എം. തരകൻ നിർവ്വഹിച്ചു. ബഥേലിൽ ചേർന്ന യോഗത്തിൽ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ശ്രീ. ജേക്കബ് മാത്യു എന്നിവർ പ്രസംഗിച്ചു.

## വൈസ് പ്രസിഡൻറ്

മെഴുവേലി ഹോളി ഇന്നസെൻറ് യൂത്തു ലിഗിന്റെ വൈസ് പ്രസിഡൻറായി മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മററി മുൻ മെമ്പർ ശ്രീ. പി. പി. മാത്യുവിനെ ഐക കണ്ഠ്യേന തെരഞ്ഞെടുത്തു.

---

മുമ്പോട്ടു പോകുവാൻ നമുക്ക് അവകാശമുണ്ട്. അതുവരെ നമ്മുടെ സംയമനത്തിലൂടെയും നല്ല പ്രവൃത്തികളിലൂടെയും നമുക്ക് പക്വത കാണിക്കാം.

14 വിവിധ നിർദ്ദേശങ്ങൾ പരിഗണിച്ച് സെപ്ററംബർ പകുതിയോടെ അന്തിമവിധി പ്രഖ്യാപിക്കുവാൻ കോടതിയ്ക്കു സാധ്യമാകത്തക്കവണ്ണം ഓഗസ്ററ് അവസാനത്തോടെയെങ്കിലും ഭരണഘടനാ ഭേദഗതികളും സ്ഥിതിവിവരക്കണക്കുകളും കോടതിയിൽ സമർപ്പിക്കത്തക്കവണ്ണം തയ്യാറാക്കുവാൻ വളരെ ധൃതിയിൽ ശ്രമം തുടങ്ങണം. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര പ്രാധാന്യത്തോടു കൂടി കാതോലിക്കായുടെ കീഴിൽ ആവശ്യത്തിനു ആളും അർത്ഥവുമായി ഒരു പ്രത്യേക സമിതി രൂപീകരിക്കണം.

15 കഴിഞ്ഞതും ഇപ്പോഴുള്ളതുമായ എല്ലാ കയ്പും പകയും മറക്കുവാനും എല്ലാ പ്രതികാരവും ഉപേക്ഷിക്കുവാനും യഥാർത്ഥവും ആത്മാർത്ഥവുമായ അനുരഞ്ജനം അന്വേഷിക്കുവാനും ദൈവത്തിന് എപ്പോഴും ഇഷ്ടമായ പരിശുദ്ധാത്മാവിലുള്ള ഐക്യം പ്രാപിക്കുവാൻ വേണ്ടി പ്രീതികരമായി പ്രയത്നിക്കുവാനുമായി ദൈവം നമുക്ക് ഒരു വലിയ അവസരം തന്നിരിക്കുന്നു ക്രിസ്തു അവന്റെ ആളുകൾക്കായി വാഞ്ചിക്കുന്ന പരിശുദ്ധാത്മാവിലുള്ള യഥാർത്ഥ ഐക്യത്തിലേക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മേ നയിക്കുകയും ചെയ്യട്ടെ.



## ഭദ്രാസന ക്യാമ്പ്

ചെങ്ങന്നൂർ ഭദ്രാസന ബാലസമാജത്തിന്റെ വാർഷിക ക്യാമ്പ് ജൂലൈ 21,22,23 തീയതികളിൽ പരിളശ്ശേരി സെൻറ് ജോർജ് കാതോലിക്കേററ് സിംഹാസനപ്പള്ളിയിൽ വച്ചു നടന്നു. 'നിന്റെ ഹൃദയത്തെ നേർവഴിയിൽ നടത്തിക്കൊൾക' [സദൃ. 23:19] എന്നതായിരുന്നു മുഖ്യചിന്താ വിഷയം.

പ്രസ്ഥാനം അഖില മലങ്കര ജനറൽ സെക്രട്ടറി റവ. ഫാ. മാത്യു കോശി ആദ്ധ്യക്ഷം വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡാനിയേൽ പുല്ലേലിൽ റവ. ഫാ. പി. കെ. കോശി, റവ. ഫാ. ജോൺ തോമസ്, അഡ്വ. ജേക്കബ് ററി. കോശി എന്നിവർ ആശംസകൾ നേർന്നു ഇടവക വികാരി റവ. ഫാ. വൈ തോമസ് സ്വാഗതവും വിനോദ് ജോർജ് കൃതജ്ഞതയും രേഖപ്പെടുത്തി.

റവ ഫാ. നൈനാൻ വി. ജോർജ്, റവ. ഡീ. ഫിലിപ്പ് ജേക്കബ്, റവ. ഫാ. ഗീവറുഗീസ് ജോൺ, റവ. ഫാ. ജോൺ തോമസ്, റവ. ഫാ. ജോൺ പോൾ, റവ. ഫാ. നൈനാൻ കെ. ജോർജ്, ശ്രീ. കെ. കെ. ഏബ്രഹാം, ശ്രീ. ബിനു വർഗീസ് തോമസ്, ശ്രീ. ജിജി മാത്യു, ശ്രീ. കെ. ഒ. തോമസ് എന്നിവർ വിവിധ ക്ലാസുകൾക്കു നേതൃത്വം നൽകി.

സമാപന സമ്മേളനം റവ. ഫാ. വൈ. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. കെ. ജി. തോമസ്, അഡ്വ. തോമസ് ഫിലിപ്പ് ശ്രീ ജേക്കബ് ഉമ്മൻ, ശ്രീ. ററി. എസ്. യോഹന്നാൻ എന്നിവർ സംസാരിച്ചു. ശ്രീ. റജി സി. കെ. കൃതജ്ഞത രേഖപ്പെടുത്തി.

## നേത്രദാന ബോധവൽക്കരണം

ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്ററ് 20-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2 മണിമുതൽ ബഥേൽ അരമനയിൽ പ്രതിനിധി സമ്മേളനവും നേത്രദാന ബോധവൽക്കരണവും നടത്തുന്നു. പ്രസിദ്ധ നേത്രരോഗ വിദഗ്ധൻ Dr. സുരേഷ് MBBS, M.ക്ലസ് നയിക്കും. സമ്മേളനത്തിൽ വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്ക്കോപ്പ ആദ്ധ്യക്ഷം വഹിക്കും. ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത തിരുമനസുകൊണ്ട് ഉദ്ഘാടനം ചെയ്യും. ഭദ്രാസന വൈസ് പ്രസിഡൻറ് റവ. ഫാദർ ഗീവറുഗീസ് ജോൺ ആശംസകൾ അർപ്പിക്കും. എല്ലാ യൂണിററുകളിൽ നിന്നും സെക്രട്ടറിയും രണ്ടു പ്രതിനിധികളും സംബന്ധിക്കണമെന്ന് ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ അറിയിക്കുന്നു.



കഴിഞ്ഞ വർഷത്തെ സ്ണ്ടേസ്കൂൾ 10-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് 3-ാം റാങ്ക് നേടിയ വി. ജി. ജോൺ. പന്തളം അറത്തിൽ സെൻറ് ജോർജ് ഇടവകാംഗവും വിളയത്തേത്ത് ശ്രീ. ജോർജിൻെറയും ശ്രീമതി കുഞ്ഞന്നാമ്മയുടെയും പുത്രനായ ശ്രീ. ജോൺ നിരവധി പാരിതോഷികങ്ങൾ നേടിയിട്ടുണ്ട്

## ഭദ്രാസനാധിപൻ റാലി നയിക്കുന്നു.

ഭദ്രാസന യുവജന പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ സെപ്തംബർ 9-ാ തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് ചെങ്ങന്നൂർ ITI ജംഗ്ഷനിൽ നിന്നും മദ്യവർജ്ജ പ്രചരണ റാലി നടത്തുന്നതാണ്. ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വൈദികരും യുവജന പ്രസ്ഥാനം കേന്ദ്ര ഭദ്രാസന ഭാരവാഹികളും, റാലി നയിക്കുന്നതാണ്. തുടർന്ന് 4 മണിക്ക് ബഥേൽ ജംഗ്ഷനിൽ ചേരുന്ന പൊതു സമ്മേളനത്തിൽ അഭിവന്ദ്യ തിരുമേനി ആദ്ധ്യക്ഷം വഹിക്കും. TRADA ഡയറക്ടർ സിസ്ററർ ജോവാൻ ചുങ്കപ്പുര, ട്രെയിനിംഗ് ഇൻചാർജ് ശ്രീ. ജയിംസ് തെക്കേത്തലയ്ക്കൽ എന്നിവർ മുഖ്യ സന്ദേശം നൽകും. ഏവരും പങ്കെടുത്ത് പരിപാടം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## അവാർഡ് നൽകി

ചെങ്ങന്നൂർ: മറിയാമ്മ മാത്തൻ തരകൻ എൻഡോമെൻറ് ഏർപ്പെടുത്തിയ പരുമല മാർ ഗ്രീഗോറിയോസ് അവാർഡ് ഡോ. സാമുവേൽ ചന്ദനപ്പള്ളിക്ക് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നൽകി. സമ്മേളനത്തിൽ പ്രൊഫ. തുമ്പമൺ തോമസ് മുഖ്യ പ്രഭാഷണം നടത്തി. ഡോ. ജോസ് പാറെക്കടവിൽ, ഡോ. കെ. സി. ജോൺ, ഡോ. ജേക്കബ് മാമ്മൻ, ശ്രീ. പോൾ മണലിൽ എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു കോശി സ്വാഗതവും പ്രൊഫ. റേച്ചൽ തരകൻ നന്ദിയും പറഞ്ഞു.

## സംഭാവന ചെയ്തു

മൈഹുവേ: മദ്ധ്യപ്രദേശിലെ മക്കോഡിയായിൽ ആദിവാസികളുടെ ഇടയിൽ നമ്മുടെ സഭയിൽ നിന്നും നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി ഹോളി ഇന്നസെൻറ് ഇടവകയിൽ പ്രവർത്തിക്കുന്ന തെക്കേഭാഗം മർത്തമറിയം സമാജാംഗങ്ങൾ ഗണ്യമായ ഒരു തുക സംഭാവന ചെയ്തു.





# ബാലപത്രിക

**ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ**

സ്നേഹമുള്ള കൂട്ടുകാരെ,

ഇന്ന് നമ്മുടെ സമൂഹത്തിൽ വളരെ വിരളമായി കാണുന്ന ഒന്നാണ് സമയനിഷ്ഠ ജീവിത വിജയത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ് ഇതെങ്കിലും നമ്മിൽ പലരും വേണ്ടത്ര ശ്രദ്ധ ചെലുത്താറില്ല.

സ്ഥാപനങ്ങളും ഓഫീസുകളും സ്കൂളുകളും ഒക്കെ സമയനിഷ്ഠ പാലിച്ചില്ലെങ്കിൽ ഉണ്ടാവുന്ന ദുരിതം നമുക്കറിയാം. പലപ്പോഴും പല മീററിംഗുകളും സമയനിഷ്ഠ പാലിക്കാത്തതിനാൽ പൊതുജനങ്ങൾ വളരെ ബുദ്ധിമുട്ടാറുണ്ട്.

ലോകത്തെ വിറപ്പിച്ച ചരിത്ര പുരുഷനായ നെപ്പോളിയൻ വലിയ കൃത്യനിഷ്ഠയുള്ള ആളായിരുന്നു. നമ്മുടെ പ്രധാന മന്ത്രിയായിരുന്ന ചാച്ചാ നെഹ്റുവും സമയ നിഷ്ഠയ്ക്ക് വലിയ പ്രാധ്യാന്യം നൽകിയിരുന്നു.

കൃത്യനിഷ്ഠ നമ്മുടെ സ്വഭാവത്തിൻെറ ഭാഗമാക്കാൻ നാം ചെറുപ്പം മുതലേ ശീലിക്കണം. എത്രമണിക്ക് ഉണരണം, എപ്പോൾ ഉറങ്ങണം എപ്പോൾ പഠിത്തം തുടങ്ങണം, എപ്പോൾ പ്രാർത്ഥിക്കണം ഭക്ഷണത്തിനും വിനോദത്തിനു എത്ര സമയം വേണം ഇങ്ങനെ ഓരോ കാര്യങ്ങളും ചിട്ടയോടെ പ്ലാൻ ചെയ്ത് അതനുസരിച്ച് മുമ്പോട്ടു പോകണം. പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥിക്കുക. പഠിക്കുമ്പോൾ പഠിക്കുക, കളിക്കുമ്പോൾ കളിക്കുക എന്ന തത്വം ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കുക.

ജീവിത വിജയത്തിന് സമയ നിഷ്ഠ എന്നത് നമ്മുടെ മുദ്രാവാക്യമായിരിക്കട്ടെ!

സ്നേഹപൂർവ്വം ആനിച്ചേച്ചി.

Regd.No R. N. 44684/87 Regd. No G/KL/TLA/71

# BETHEL PATHRIKA

കുട്ടികവിത

## സ്വർഗ്ഗത്തിലെ അപ്പച്ചൻ

### ചാണ്ടപ്പിള്ള പി. സാം

നമ്മൾക്കുണ്ടോരപ്പച്ചൻ
സ്വർഗ്ഗത്തിലേയപ്പച്ചൻ
യേശുവപ്പച്ചൻ-നമ്മുടെ
യേശുവപ്പച്ചൻ

കൈപിടിച്ചു നടത്തിടും
കൺമണിപോലേ കാത്തീടും
യേശുവപ്പച്ചൻ-നമ്മുടെ
യേശുവപ്പച്ചൻ

ജീവനേകിയ അപ്പച്ചൻ
സ്നേഹപിതാവാം അപ്പച്ചൻ
യേശുവപ്പച്ചൻ-നമ്മുടെ
യേശുവപ്പച്ചൻ

പിഞ്ചു കിടാങ്ങൾ നമ്മൾക്കീ
സ്നേഹ പിതാവിനെയെതിരേൽക്കാം
നന്മയിലെന്നും മുന്നേറാം
മശിഹാസുതരായ് ശോഭിക്കാം

## ക്വിസ്സ് മൽസരം നടത്തി

കാരയ്ക്കാട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ 1995 ജൂലൈ 9-ാം തീയതി ചെങ്ങന്നൂർ ഭദ്രാസനത്തിലെ യുവജനപ്രസ്ഥാന യൂണിററുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഭദ്രാസനതല ക്വിസ്സ് മൽസരം നടത്തി. മൽസരാനന്തരം നടന്ന സമ്മേളനത്തിൽ വച്ച് യഥാക്രമം പുത്തൻകാവ് സെൻറ് തോമസ് യൂത്ത് ലീഗിനും കുടശ്ശനാട് പള്ളിഭാഗം യുവജന പ്രസ്ഥാനത്തിനും ട്രോഫിയും ഷീൽഡും സമ്മാനിച്ചു. യോഗത്തിൽ ഫാദർ എൻ. സി. ഇടിക്കുള, ഫാദർ ഗീവർഗീസ് ജോൺ, ശ്രീ ജേക്കബ് ഉമ്മൻ, ശ്രീ. ജോൺസൺ, ശ്രീ. ജോർജ് ദാനിയേൽ, ശ്രീ. ഷാജി വർഗീസ് ചെറുകാലേത്ത് തുങ്ങിയവർ സംസാരിച്ചു. ശ്രീ. ഫിലിപ്പ് ക്വിസ് മത്സരം നയിച്ചു.

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George